# ANNE'S Digest

APRIL
2022



ST. ANNE'S CHURCH
WEST FORT, THRISSUR - 680 004



Wedded on
14.02.2022

**Disney**
S/o. Mrs.Tessy Davis &
Mr. Davis Koola
Kanjany Road,
Ayyanthole, Trissur

&

**Asha Antony**
D/o. Mrs. Sheela Antony &
Mr. Antony Puthur
Ponnore, Trissur.



# സെന്റ് ആൻസ് ചർച്ച്, തൃശൂർ

**തൃശൂർ – 680 004**


**Vicar Personal Mob : 8903211951**
**Church Off: 8281832244**
web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr



വാല്യം: 33 | ലക്കം: 4



## പത്രാധിപസമിതി

■ **ചീഫ് എഡിറ്റർ**
റവ.ഫാ. ജോൺസൺ അന്തിക്കാടൻ 8903211951

■ **എക്സി. എഡിറ്റർ**
പോളി ആഗസ്റ്റിൻ കൂള 9446356857

■ **സെക്രട്ടറി**
ഫ്രാൻസി ആന്റണി 9447918438

■ **ട്രഷറർ**
ഡോ: ലിബിസൺ കെ. ബി. 8606743247

■ **ബോർഡ് അംഗങ്ങൾ**
ആന്റണി ചക്കാലക്കൽ 9947227556
ബിജോയ് റാഫേൽ 8891031011
അനിൽ ഇരുമ്പൻ 9895530572
നിജോ ജോർജ്ജ് 9387105754
ബിജു കോമ്പാറക്കാരൻ 9846565006
ഫ്രാൻസീസ് ചക്കാലയ്ക്കൽ 9074923401
സോണി ചിറ്റിലപ്പിള്ളി 8848607447
ബിജു ആലപ്പാട്ട് 9847069639
ഫിലോമിന കല്ലൂപറമ്പിൽ 9895788323

■ **കൈക്കാരന്മാർ**
വർഗ്ഗീസ് ചിറമ്മൽ 9447882977
ജെൽസൺ കൊക്കൻ 9846586637
പോളി അഗസ്റ്റിൻ കൂള 9446356857
ഡെൽജോ ജോൺ മുട്ടത്ത് 9947437404


## ഉള്ളടക്കം


എഡിറ്റോറിയൽ
ഇടയ ശബ്ദം
യേശുവിന്റെ പുനരുത്ഥാനം
പ്രതിനിധിയോഗം
വഴക്കുകൂടാം: പക്ഷേ
“എന്താ എന്നെ മേല്പോട്ട് വിളിക്കാത്തേ?”
കോവിഡ് കാലഘട്ടത്തിലെ ജീവിതം! – എന്തൊക്കെ ശ്രദ്ധിക്കണം?
ഫ്രാൻസിസ്കൻ അധ്യാത്മികതയുടെ – ഇന്നത്തെ പ്രസക്തി
കോവിഡാനന്തര പഠനം – ഓൺലൈൻ സമ്പ്രദായം – ഒരു വിലയിരുത്തൽ
ഞങ്ങൾ വരവായ് –
ഞങ്ങൾ ഒന്നായി –
ഞങ്ങൾ യാത്രയായ്.
കുടുംബക്കൂട്ടായ്മ വാർത്തകൾ
സംഘടനാ വാർത്തകൾ
വിശുദ്ധവാര തിരുകർമ്മങ്ങൾ
അനുദിന ബൈബിൾ വായന



■ **ദൈവാലയ ശുശ്രൂഷി**
കെ.പി. വർഗ്ഗീസ് 9495462449

■ **ക്ലർക്ക്**
ചാക്കോ തെക്കിനിയത്ത് 9895105564
ഫ്രാൻസിസ് തരൂക്കര 8281832244



# EDITORIAL



ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. കോവിഡ് വ്യാപനത്തിന്റെ കാലഘട്ടത്തെ മറികടന്ന് സമാധാനപരമായ ഒരു അന്തരീക്ഷത്തിലേക്ക് നാം പിച്ചവെച്ചു നടക്കാൻ തുടങ്ങി. ഏറെ നാളത്തെ അടച്ചിടലിനുശേഷം ഒരു പുതിയ കാറ്റ് വീശിത്തുടങ്ങിയിരിക്കുന്നു. എത്ര നാളത്തേക്ക് എന്നറിയില്ല. എല്ലായിടങ്ങളിലും പോലെ നമ്മുടെ ദേവാലയവും ദേവാലയ ശുശ്രൂഷകളും പഴയതുപോലെ ആയിത്തുടങ്ങി. എല്ലാവരുടേയും മുഖത്ത് ആശ്വാസത്തിന്റെ ഒരു പുതിയ സന്തോഷം നിഴലിക്കുന്നതായി കാണാം.

ഇന്നത്തെ ഈ സാഹചര്യത്തിൽ ദശാംശത്തിന്റെ ആവശ്യകതയേയും ആധികാരികതയേയും കുറിച്ച് അല്പം പറയാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ, പഴയ നിയമത്തിലും പുതിയ നിയമത്തിലും ദശാംശം കൊടുക്കേണ്ടതിന്റെ കാര്യക്ഷമമായ പ്രസക്തി എത്രമാത്രമാണെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. “ദാശാംശം മുഴുവൻ കലവറയിലേക്ക് കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകട്ടെ. ഞാൻ നിങ്ങൾക്കായി സ്വർഗ്ഗകവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കുകയില്ലേ, എന്ന് നിങ്ങൾ പരീക്ഷിക്കുവിൻ - സൈന്യങ്ങളുടെ കർത്താവ് അരുളിചെയ്യുന്നു.” (മലാക്കി 3:10). ദൈവത്തിൽ നിന്നും ലഭിക്കുന്ന ഐശ്വര്യവും സമൃദ്ധിയും ഇവിടെ സൂചിപ്പിക്കുന്നു. എത്ര ശക്തമായ വാഗ്ദാനം. ഇതിന്റെ തുടർച്ച നമുക്ക് പുതിയ നിയമത്തിലും ദർശിക്കാം. “കൊടുക്കുവിൻ നിങ്ങൾക്കു കിട്ടും. അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടു തരും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കു അളന്നു കിട്ടും.” (ലൂക്കാ. 6:38). ദശാംശം കൊടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇനിയും ധാരാളം തിരുവചനങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ ഉണ്ട്. നമ്മുടെ പാപങ്ങൾക്ക് ഒരു പരിധിവരെ മോചനം ദാനധർമ്മങ്ങൾ വഴി ലഭിക്കുന്നു.

വളരെ ഭീകരമായ പരിഭ്രാന്തിയിലാണ് ഇന്ന് ലോകം ഉറ്റുനോക്കുന്നത്. യുദ്ധ കെടുതിയിലേക്ക് ലോകം വഴുതി വീണുകൊണ്ടിരിക്കുന്നു. ഉക്രൈനും റഷ്യയുമായുള്ള യുദ്ധം ലോകത്തിന്റെ മുന്നിൽ ഒരു വലിയ ചോദ്യചിഹ്നമായി നിൽക്കുന്നു. യുദ്ധം ആരു ചെയ്താലും എന്തിനുവേണ്ടി ചെയ്താലും നിരപരാധികളായ മനുഷ്യരാണ് അതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുന്നത്. നമുക്ക് പ്രാർത്ഥിക്കാം - ഈ ഭീകരമായ യുദ്ധം അവസാനിപ്പിച്ച് സമാധാനം സംസ്ഥാപിതമാകാൻ.




മാർച്ച് 24 പരിശുദ്ധ അമ്മയുടെ മംഗളവാർത്താ ദിനത്തിൽ ഫ്രാൻസീസ് പാപ്പ, യുദ്ധസന്നാഹങ്ങൾ അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ ഉക്രൈനേയും റഷ്യയേയും അമ്മയുടെ വിമലഹൃദയത്തിലേക്ക് പ്രതിഷ്ഠിച്ചിട്ടുണ്ട്. നമുക്കും പരിശുദ്ധ പാപ്പായോടും തിരുസഭയോടും ചേർന്ന് വലിയ നോമ്പിൽ വലിയ ആഴ്ചയിലേക്ക് പ്രവേശിക്കാൻ പോകുന്ന ഈ അവസരത്തിൽ ഈശോയുടെ പീഡാസഹനത്തോടു ചേർന്ന് പരിശുദ്ധ അമ്മയുടെ സഹരക്ഷക പ്രവർത്തനത്തോടു ചേർന്ന് പ്രാർത്ഥനാനിരതരാകാം. ഈശോയുടെ തിരുഹൃദയത്തിൽ നിന്നും നമുക്കുവേണ്ടി കാരുണ്യസ്രോതസ്സായി ഒഴുകിയിറങ്ങിയ തിരുരക്തമേ! തിരുജലമേ! ഞങ്ങൾ അങ്ങയിൽ ശരണപ്പെടുന്നു. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

പത്രാധിപ സമിതി

---

# ആൻസ് ഡൈജസ്റ്റ് സാഹിത്യ മത്സരങ്ങൾ

**സ്നേഹമുള്ളവരെ,**

**നമ്മുടെ പാരിഷ് ബുള്ളറ്റിന്റെ നേതൃത്വത്തിൽ ഇടവകാഗംങ്ങൾക്കായ് സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.**

**മത്സര ഇനങ്ങൾ**

**ലേഖനം** **ചെറുകഥ** **കവിത**

**സമ്മാനം – (ഒരോ ഇനത്തിനും)**

**1–ാം സമ്മാനം 1001 രൂപ** **2–ാം സമ്മാനം 751 രൂപ** **3–ാം സമ്മാനം 501 രൂപ**

**നിബന്ധനകൾ**

- **രണ്ട് വിഭാഗങ്ങളായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.**
  **A വിഭാഗം 15 വയസ്സുവരെ ഉള്ളവർ, B വിഭാഗം 16 വയസ്സു മുതൽ**
- **മത്സരം ഇടവകാംഗങ്ങൾക്ക് മാത്രമായിരിക്കും.**
- **ഒരംഗത്തിന് എത്ര ഇനത്തിൽ വേണമെങ്കിലും പങ്കെടുക്കാം.**
- **ക്രൈസ്തവ മൂല്യങ്ങൾ ഉൾകൊള്ളുന്നവയാകണം എല്ലാ രചനകളും.**
- **മത്സരത്തിനുള്ള രചനകൾ 2022 മെയ് 10–ാം തിയ്യതിക്കകം ലഭിക്കേണ്ടതാണ്.**
- **വിജയികളെ നിശ്ചയിക്കുന്ന കാര്യത്തിൽ മൂല്യനിർണ്ണയം നടത്തുന്ന കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.**
- **നിശ്ചിത നിലവാരമുള്ള രചനകൾ ആൻസ് ഡൈജസ്റ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**



## ഇടയശബ്ദം



# ദൈവതിരുമുമ്പിൽ നന്ദിയോടെ

സ്വപ്നം പോലെ സുന്ദരമായ നല്ലൊരു ദേവാലയമാണ് നമ്മുടേത്. ഈ നോമ്പുകാലത്ത് ഏഴുപള്ളി; പതിനാല് പള്ളി സന്ദർശനത്തിന്റെ ഭാഗമായി എത്രയോ പേരാണ് ഇതിനകം തന്നെ നമ്മുടെ പള്ളി സന്ദർശിക്കാനെത്തിയത്! ഏറെ പേർ ഈ പള്ളി സന്ദർശിക്കാനെത്തുന്നതിന് പല കാരണങ്ങളുണ്ട്. അന്നാവുമ്മയോടുള്ള - ഭക്തിയാണ് ഒന്ന്, പട്ടണത്തിനോട് ചേർന്നുള്ളതായാണ് മറ്റൊന്ന്ച ഇനിയുമൊരു കാരണം കാഴ്ചയ്ക്ക് ഏറെ മനോഹരമായതാണ്. തീർച്ചയായും ഈ മനോഹരമായൊരു ദേവാലയം സ്വന്തമായുള്ളതിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ ഇടവക ദേവാലയത്തെ ഇത്രമാത്രം മനോഹരമാക്കിയെടുക്കാൻ പരിശ്രമിച്ച എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതിനുവേണ്ടി അത്യദ്ധ്വാനം ചെയ്ത നമ്മുടെ ലിജോ അച്ചനെ നന്ദിയോടെ ഓർക്കാം.

ഇടവക സമൂഹത്തെ കാര്യമായി ഭാരപ്പെടുത്താതെ ദേവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായിരുന്നു നിർമ്മാണ കളരിയുടെ പ്ലാനിങ്ങ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യാതൊരുതരത്തിലുമുള്ള നിർബന്ധപിരിവുകൾ ഇക്കാര്യത്തിനുവേണ്ടി ഇടവകയിൽ നടത്തിയിട്ടില്ലെങ്കിലും ഇടവകയിലെ കുറേയേറെ കുടുംബങ്ങൾ ദേവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സാമ്പത്തികമായി സഹകരിച്ചു. ഇടവക ജനത്തിന്റെ പങ്കുവയ്ക്കലും പാരിഷ് ഹാളിൽ നിന്നുള്ള വരുമാനവും കൊണ്ട് ഏതാനും വർഷത്തിനുള്ളിൽ ബാങ്കിൽ നിന്നെടുത്ത വായ്പ കൊടുത്തുവീട്ടാമെന്നല്ല നമ്മുടെ കണക്കുകൂട്ടൽ ഒരു പക്ഷേ അപ്രതീക്ഷിതമായി വന്ന കോവിഡ് മഹാമാരി തെറ്റിച്ച് കളഞ്ഞു.

നമുക്ക് ഇപ്പോൾ ഒന്നരകോടി രൂപ ബാങ്കിലെ വായ്പ അടച്ച് തീർക്കാനുണ്ട്. അതിൽ ഒരു ലക്ഷത്തിൽ കൂടുതൽ ഓരോ മാസവും പലിശ കൊടുത്തുകൊണ്ടിരിക്കുന്നു. പ്രതീക്ഷിച്ചവിധത്തിലുള്ള വരുമാനങ്ങൾ പലതും ഇല്ലാതായെങ്കിലും ഇതുവരെയും പലിശ മുടങ്ങാതെ കൊടുക്കാൻ നമുക്ക് സാധിച്ചു. പക്ഷേ മുതലിലേയ്ക്ക് കാര്യമായൊന്നും അടയ്ക്കാൻ നമുക്കായിട്ടില്ല. നമ്മുടെ ഇടവകയുടെ പല സമിതികളിൽ ഇക്കാര്യം ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ കടം വീട്ടാനായി ചില നിർദ്ദേശങ്ങൾ ഉണ്ടായത് നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു.:-

1. ഇടവകാംഗങ്ങളിൽ നിന്ന് പലിശ രഹിതവായ്പയായി സാധിക്കുന്ന സംഖ്യ സ്വരൂപിക്കുക. തരുന്നവർ ആവശ്യപ്പെടുന്ന സമയത്ത് ഒട്ടും താമസിയാതെ തന്ന സംഖ്യ തിരികെ കൊടുക്കാനാകും; ഒന്നേമുക്കാൽ കോടി രൂപ ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാൻ പറ്റുന്നവിധത്തിൽ ബാങ്കിൽ O.D. പാസ്സായി കിടപ്പുണ്ട്.

2. പലിശയില്ലാതെ തരാൻ കഴിയാത്തവർക്ക് ബാങ്കിൽ സ്ഥിരനിക്ഷേപമുണ്ടെങ്കിൽ ബാങ്ക് കൊടുക്കുന്ന പലിശ കൊടുത്ത് അവരിൽ നിന്ന് ഫണ്ട് സ്വീകരിക്കുക. ആവശ്യ സമയത്ത് തിരികെ കൊടുക്കുകയും ചെയ്യാം.

3. ഇടവകയിലെ ഓരോ കുടുംബവും മുൻപൊക്കെ ചെയ്തിരുന്നതുപോലെ വരുമാനത്തിന്റെ ഒരു നിശ്ചിതശതമാനം (അവരവർക്ക് സാധിക്കുന്നത്) ഓരോ മാസവും ദശാംശമെന്നതുപോലെ പള്ളിയിലേക്ക് നൽകുക. കടം വീടുന്നതുവരെ ഔദാര്യത്തോടെ കൊടുക്കാൻ ഇടവക സമൂഹം തയ്യാറായാൽ ഗണ്യമായ രീതിയിൽ കടംകുറച്ചു കൊണ്ടുവരാൻ കഴിയുമെന്നാണ് കണക്കുകൂട്ടൽ.

ഇത്രയൊക്കെ കടം വരുത്തി വച്ചിട്ട് ഇതൊക്കെ ചെയ്യണമായിരുന്നോ എന്ന് ചിന്തിക്കുന്നവരും, മറ്റ് രീതിയിൽ ചെയ്തിരുന്നെങ്കിൽ ഇത്തരമൊരു സാഹചര്യം ഉണ്ടാകുമായിരുന്നില്ല എന്ന് കരുതുന്നവരുമൊക്കെയുണ്ട്. എന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. നിങ്ങളുടെ ചിന്തകളെ ഞാൻ മാനിക്കുന്നു. എങ്കിലും ഒരുകാര്യം വാസ്തവമാണ്. നമ്മുടെ സ്വപ്നത്തിൽ പോലുമില്ലാത്ത വിധം നല്ലൊരു പള്ളി ഇപ്പോൾ നമുക്ക് സ്വന്തമായുണ്ട്. അത് നമുക്കുവേണ്ടി മാത്രമല്ല ഇനിയും വരാനിരിക്കുന്ന നമ്മുടെ പലതലമുറകൾക്കും കൂടി വേണ്ടിയുള്ളതാണ്. നമ്മുടെ പള്ളിയുടെ സ്ഥലം രജിസ്റ്റർ ചെയ്യാൻ വേണ്ടി വന്ന 60 ലക്ഷം രൂപ കൂടെ ചേർത്താണ് മൊത്തത്തിൽ ഇത്രയും രൂപ ആവശ്യമായി വന്നത് എന്ന കാര്യം കൂടെ നമുക്ക് മറക്കാതിരിക്കാം.

500-530 കുടുംബങ്ങൾ മാത്രമുള്ളല ഈ ഇടവകയിൽ ഞായറാഴ്ചകളിൽ സ്തോത്രക്കാഴ്ചയായി നിങ്ങൾ സമർപ്പിക്കുന്ന സംഖ്യ മറ്റ് പല ഇടവകകളെ അപേക്ഷിച്ച് കൂടുതലാണ്. ദൈവത്തിനും ദേവാലയത്തിനും ദൈവജനത്തിനുമായി സമർപ്പിക്കുന്നതിൽ നിങ്ങൾ ഉദാരതയുള്ളവരാണെന്നാണ് അത് വ്യക്തമാക്കുന്നത്. ആരും പറയാതെ ആരുടെയും ശ്രദ്ധയിൽപ്പെടാതെ ഇത്രയൊക്കെ ചെയ്യുന്ന നിങ്ങളോട് ഇക്കാര്യത്തിൽ ഇനിയും കൂടുതൽ പറയണമെന്ന് എനിക്ക് തോന്നുന്നില്ല. ആണ്ടുവട്ടത്തിൽ പലപ്രാവശ്യമായി (പെസഹവ്യാഴം കവർ, നോമ്പുകാല പരിത്യാഗം, രണ്ട് പെരുന്നാളുകൾ, മിഷൻ ഞായർ കവർ, ക്രിസ്തുമസ്സിനുള്ള കാരുണ്യ കവർ) നിങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നതൊന്നും ഞാൻ മറക്കുന്നില്ല.

**"നിങ്ങൾ ഭക്ഷിച്ചു തൃപ്തരാവുകയും നല്ല വീടുകൾ പണിത് അവയിൽ താമസിക്കുകയും. നിങ്ങളുടെ ആടുമാടുകൾ പെരുകുകയും വെള്ളിയും സ്വർണവും വർധിക്കുകയും മറ്റു സകലത്തിനും സമൃദ്ധിയുണ്ടാവുകയും ചെയ്യുമ്പോൾ. നിങ്ങൾ അഹങ്കരിക്കുകയും അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിങ്ങളെ കൊണ്ടുവന്ന നിങ്ങളുടെദൈവമായ കർത്താവിനെ വിസ്മരിക്കുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ."**

(നിയമാവർത്തനം 8 : 12 - 14)

ദൈവം നൽകുന്ന പ്രേരണയനുസരിച്ച് ഉചിതമായത് നിങ്ങൾ ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അത് തമ്പുരാന്റെ മുമ്പിൽ നിങ്ങളുടെ നന്ദി പ്രകടമാകട്ടെ.

ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്

സസ്നേഹം

**ജോൺസനച്ചൻ**



# യേശുവിന്റെ പുനരുത്ഥാനം

വത്സാ ലാസർ

**"ക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തു. തന്റെ മരണത്തിലൂടെ മരണത്തെ കീഴടക്കി. മരിച്ചവർക്ക് അവിടുന്ന് ജീവൻ നൽകി"**

യേശു മരണം വരിച്ച് മൂന്നാം ദിവസം മരിച്ചവരിൽ നിന്നും ഉയിർത്തു. ചരിത്രപരവും സർവാതിശായിയുമായ സംഭവം. യേശുവിന്റെ പുനരുത്ഥാനം ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പരമോന്നത സത്യമാണ്. ആദിമ ക്രൈസ്തവ സമൂഹം ഇത് കേന്ദ്രസത്യവുമായി വിശ്വസിക്കുകയും ഈ പരമോന്നതസത്യത്തെ പരമ്പരാഗതമായി തലമുറകൾക്ക് പകർന്നു നൽകുകയും ചെയ്തു. വിശുദ്ധ ലിഖിതങ്ങളിൽ എഴുതി വച്ചിട്ടുള്ളപോലെ മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തതും ഇനി ഒരിക്കലും ഉണ്ടാകാൻ ഇടയില്ലാത്തതുമായ ചരിത്രസത്യം - ക്രിസ്തീയ വിശ്വാസത്തിന്റെ മൂലക്കല്ല്.

ഉത്ഥിതനായ യേശുവിനെ ആദ്യം കാണാൻ ഭാഗ്യം ലഭിച്ചത് മഗ്ദല നമറിയത്തിനും മറ്റു ഭക്തസ്ത്രീകൾക്കുമായിരുന്നു. പിന്നീട് അവിടുന്ന് അപ്പസ്തോലന്മാർക്ക് പ്രത്യക്ഷപ്പെട്ടു. ഈ പ്രത്യക്ഷപ്പെടൽ ഉണ്ടായിട്ടും സംശയത്തിന്റെ നിഴലിൽ കഴിഞ്ഞിരുന്ന ശിഷ്യന്മാരെ, അവരോടൊപ്പം ഭക്ഷണത്തിനിരുന്നും അവരെ സ്പർശിച്ചുകൊണ്ടും, അവരുമായി നേരിട്ട് സമ്പർക്കം പുലർത്തിക്കൊണ്ടും, അവരുടെ വിശ്വാസത്തെ ഈശോ ഉജ്ജ്വലിപ്പിച്ചു.

ജായ്റോസിന്റെ മകളേയും, നായിമിലെ വിധവയുടെ മകനേയും ലാസറിനേയും ഉയിർപ്പിച്ചതുപോലെയുള്ള ഒരു ഉത്ഥാനമായിരുന്നില്ല യേശുവിന്റേത്. യേശുവിന്റെ ശക്തിയാൽ അവർ ഭൗതിക ജീവിതത്തിലേക്കാണ് തിരിച്ചുവന്നത്. സമയത്തിന്റെ പൂർണ്ണതയിൽ അവർ വീണ്ടും മരിച്ചു. യേശുവിന്റെ ഉത്ഥാനം ഇതിൽ നിന്നും വ്യത്യസ്തമാണ്. ഉത്ഥാനം ചെയ്ത യേശു മരണത്തിന്റെ അവസ്ഥയിൽ നിന്നും കാലത്തിനും സ്ഥലത്തിനും അതീതമായ മറ്റൊരു ജീവിതത്തിലേയ്ക്ക് പ്രവേശിച്ചു.

ഈശോയുടെ ഉയിർപ്പിൽ പരിശുദ്ധ ത്രിത്വത്തിലെ മൂന്നുപേരും ഒരുപോലെ പ്രവർത്തിച്ചു. (CCC - 648). നമ്മുടെ മരണത്തിനുശേഷമുള്ള

പുനരുത്ഥാനത്തിന്റെ മൂലകാരണവും ഉറവിടവുമാണ് ക്രിസ്തുവിന്റെ ഉയിർപ്പും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവും. ഈ പ്രത്യാശയിലൂടെ കാത്തിരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉത്ഥിതനായ ക്രിസ്തു ജീവിക്കുന്നു. അതിനാൽ നമുക്കുവേണ്ടി ജീവിക്കുകയും പീഡനങ്ങൾ സഹിച്ച് കുരിശിൽ മരിച്ച് മൂന്നാം ദിവസം ഉത്ഥാനം ചെയ്ത ഈശോയ്ക്ക് വേണ്ടിയാണ് നാം ജീവിക്കേണ്ടത്, നമുക്കുവേണ്ടിയല്ല. മരണശേഷം നമുക്കും ഒരു ഉത്ഥാനമുണ്ട് എന്ന ബോധ്യത്തോടെ, പ്രത്യാശയോടെ യേശുവിന്റെ പാദങ്ങൾ പിൻചെന്നുകൊണ്ട് ജീവിതം മുന്നോട്ട് നീക്കാം.

## പ്രതിനിധിയോഗം മാർച്ച്

## 13 – 03 – 2022 ന് നടന്ന പ്രതിനിധിയോഗ തീരുമാനങ്ങൾ

1. പ്രതിനിധിയോഗത്തിലേക്ക് ബഹു. ജോൺസൻ അന്തിക്കാടനച്ചനെ സ്വാഗതം ചെയ്തു.
2. 2022 ഫെബ്രുവരി മാസത്തെ കണക്ക് ഓഡിറ്റ് റിപ്പോർട്ട് കൂടി പരിഗണിച്ച് യോഗം പാസ്സാക്കി.
3. പാരിഷ്ഹാൾ റിനോവേഷൻ പദ്ധതി യോഗത്തിൽ അവതരിപ്പിച്ചു. സീലിങ്ങ് വർക്കിന്റെയും, പാത്തി മാറ്റുന്നതിന്റെയും ക്വട്ടേഷൻ യോഗത്തിൽ അംഗീകാരം നൽകി.
4. ഈ വർഷത്തെ പാലയൂർ തീർത്ഥാടനത്തിന് മുൻ വർഷങ്ങളിലെ പോലെ സ്വീകരണം നൽകാൻ യോഗം അനുവാദം നൽകി.
5. ഈസ്റ്ററിനു നോമ്പുവീടൽ സ്പോൺസേഴ്സിനെ ലഭിച്ചാൽ നടത്തുവാൻ യോഗം അനുവാദം നൽകി.
6. ഇടവകയുടെ സാമ്പത്തിക കടം യോഗം ചർച്ച ചെയ്തു. കടം തീരുന്നതുവരെ ദശാംശം പിരിവ് നൽകി ഇടവക ജനങ്ങൾ പള്ളിയുടെ സാമ്പത്തിക ബാദ്ധ്യത തീർക്കാൻ ശ്രമിക്കുവാൻ യോഗം അനുവാദം നൽകി. ഈ കാര്യം കുടുംബകൂട്ടായ്മ കേന്ദ്രസമതി യോഗത്തിന്റെ കൂടി അനുവാദം വാങ്ങി നടപ്പാക്കാനും തീരുമാനിച്ചു.
7. ഇടവകയുടെ ബാധ്യത തീർക്കാൻ ഇടവക ജനങ്ങളിൽ നിന്ന് ബാങ്ക് പലിശയോടുകൂടിയോ അല്ലാതെയോ ഡെപ്പോസിറ്റ് സ്വീകരിക്കാനും യോഗം അനുവാദം നൽകി.
8. 2022 സംയുക്ത തിരുനാൾ നവംബർ മാസത്തിൽ നടത്തുവാൻ യോഗം തീരുമാനിച്ചു.

വി. അന്നാവുമ്മയുടെ ഊട്ടുതിരുന്നാളിന് ഈ വർഷം നേരത്തെ ഒരുക്കം തുടങ്ങുവാൻ തീരുമാനിച്ചു. 2022 ഏപ്രിൽ മാസത്തിൽ പൊതുയോഗം ചേർന്ന് തിരുന്നാൾ ഒരുക്കം നടത്തുവാൻ ബഹു. വികാരിയച്ചനേയും കൈക്കാരന്മാരേയും ചുമതലപ്പെടുത്തി.




# വഴക്കുകൂടാം: പക്ഷേ....

ഫാ. വർഗ്ഗീസ് പാറപ്പുറം വി.സി.

**“ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽമഴപോലെയാണ്; വിവേകവതിയായ ഭാര്യയാകട്ടെ, കർത്താവിന്റെ ദാനവും”** (സുഭാ. 19:13-14).

ദമ്പതികളിൽ ആരും തനിച്ചു ജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നില്ല. ഭർത്താവിനെ തോല്പ്പിക്കുന്ന ഭാര്യ തന്നെത്തന്നെയും മക്കളെയും കൂടി തോല്പ്പിക്കുന്നു. ഭർത്താവും അങ്ങനെ തന്നെ. വഴക്കടിച്ച് അന്യോന്യം തോല്പ്പിക്കാൻ ശ്രമിക്കുന്ന ദമ്പതികൾ ആവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്.

വിവാഹച്ചടങ്ങിനിടയിൽ വരനും വധുവും പരസ്പരം കൈപിടിക്കുമല്ലോ. അതിന്റെ അർത്ഥം എന്തെന്ന ചോദ്യത്തിന് വേദപാഠക്ലാസിലെ ഒരു ബാലന്റെ സരസമായ മറുപടി ഇങ്ങനെയായിരുന്നു. “മത്സരം തുടങ്ങുന്നതിനുമുമ്പ് ഗുസ്തിക്കാർ പരസ്പരം കൈകൊടുക്കാറില്ലേ? അതുതന്നെ.”

വിവാഹജീവിതം ഗുസ്തിയല്ല; അത് സ്നേഹവും സമർപ്പണവുമാണ് എന്നൊക്കെ എല്ലാവർക്കും വിശിഷ്യാ ദമ്പതികൾക്ക് അറിയാമെങ്കിലും പ്രായോഗികമായി നോക്കുമ്പോൾ വല്ലപ്പോഴുമെങ്കിലും വഴക്കുണ്ടാകാതെ ജീവിക്കുക എളുപ്പമല്ല. ഭാര്യാഭർത്താക്കന്മാർ തമ്മിൽ വഴക്കുണ്ടാക്കുന്നതിൽ തെറ്റില്ലെന്നാണ് മനഃശാസ്ത്രജ്ഞന്മാരുടെ ഇടയിലെ ഒരഭിപ്രായം. വഴക്കുണ്ടാകുമ്പോൾ ദമ്പതികൾ ചില കാര്യങ്ങൾ നിർബന്ധമായും ശ്രദ്ധിച്ചിരിക്കണമെന്നേയുള്ളൂ. ശണ്ഠകൂടുന്ന ദമ്പതികൾ ഈ കാര്യങ്ങൾ ശ്രദ്ധിക്കൂ:

എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയോടാണ് ഞാൻ വഴക്കടിക്കുന്നതെന്ന ബോധ്യം ഉണ്ടാക്കുക. മാതാപിതാക്കളും മക്കളുമെല്ലാം ഉണ്ടാകാമെങ്കിലും വിവാഹിതരുടെ ജീവിതത്തിലെ ഏറ്റവും പ്രധാനവ്യക്തി ജീവിതപങ്കാളിയാണ്. മാതാപിതാക്കൾ മരിച്ചുപോകാം. മക്കൾ പ്രായമാകുമ്പോൾ ഓരോരുത്തർക്കും അവരവരുടെ കാര്യമാകും. അവസാനം ഭാര്യക്ക് ഭർത്താവും ഭർത്താവിന് ഭാര്യയും മാത്രമേ കാണൂ.

ദമ്പതികളിൽ ആരും തനിച്ച് ജയിക്കുകയോ തനിച്ച് പരാജയപ്പെടുകയോ ചെയ്യുന്നില്ല; വിജയമായാലും പരാജയമായാലും അതു രണ്ടുപേരുടേതുമായിരിക്കും. ഭാര്യയുടെ സുഖവും ദുഃഖവും ഭർത്താവിന്റെ കൂടി സുഖവും ദുഃഖവുമാണ്. ഭർത്താവിന്റെ വിജയവും പരാജയവും ഭാര്യയുടേതുകൂടിയാണ്.

ചുരുക്കത്തിൽ, കലഹിച്ച് ഭാര്യയെ തോൽപ്പിക്കുന്ന ഭർത്താവ് താനറിയാതെ തോൽക്കുന്നു.

ഭർത്താവിനോട് കലഹിച്ച് പരാജയപ്പെട്ട് വ്രണിത ഹൃദയയായി നിരാശയിൽ കഴിയുന്ന ഭാര്യ മക്കളെ സ്നേഹിച്ചു വളർത്തുന്നതിലും വീട്ടുകാര്യങ്ങൾ നോക്കിനടത്തുന്നതിലും പരാജയമായിരിക്കും. ഭാര്യയോട് പിണങ്ങി തോറ്റ് ദുഃഖിതനായി കഴിയുന്ന ഭർത്താവാകട്ടെ, കൃഷിയിലോ കച്ചവടത്തിലോ ഏർപ്പെട്ടാലും അവിടെയൊന്നും കാര്യമായി ശ്രദ്ധിക്കാൻ കഴിയാതെ പരാജയപ്പെടും. കുടുംബജീവിതത്തിന് പുറത്ത് അയാൾ സന്തോഷം തേടിയെന്നും വരാം.

വ്യക്തിപരമായി അപകർഷം ഉണ്ടാക്കുന് കാര്യങ്ങൾ പരാമർശിച്ച് സംസാരിക്കരുത്. ഏതു വ്യക്തിക്കും മനസ്സിന്റെ ഏതെങ്കിലും കോണിൽ ഒടുങ്ങാത്ത വേദന ജനിപ്പിക്കുന്ന ഉണങ്ങാത്ത ചില മുറിവുകൾ കണ്ടേക്കാം. എതിരാളിയെ തറപറ്റിക്കാൻ വേണ്ടി മർമത്തിനു പ്രഹരിക്കുന്നതുപോലെ, പങ്കാളിയെ തോൽപ്പിക്കാൻ അയാളുടെ മനസ്സിലെ ഉണങ്ങാത്ത മുറിവിൽ കുത്തിയാൽ, തത്ക്കാലം ഒന്നടങ്ങിയാലും മനസ്സിൽ ജനിക്കുന്നതു പ്രതികാരമായിരിക്കും. അപ്പോൾ ക്ഷമ അസാധ്യമാകുന്നു. ഒരിടത്ത് ഭർത്താവിന്റെ അനുജൻ തൂങ്ങിമരിച്ചു. പിന്നൊരിക്കൽ വഴക്കുണ്ടായപ്പോൾ, ഭർത്തൃസഹോദരന്റെആത്മഹത്യയെപ്രതിഅയാളുടെകുടുംബത്തെഅടച്ചാക്ഷേപിച്ച് ഭാര്യ സംസാരിച്ചു. വർഷങ്ങൾ നീണ്ടുനിന്ന അകൽച്ചയ്ക്ക് ആ സംസാരം കാരണമായി.

നിശ്ചിത തർക്കവിഷയത്തിൽ ഒതുങ്ങി നിൽക്കുക - വിഷയം സാമാന്യവത്ക്കരിക്കരുതെന്നർത്ഥം. അയൽപ്പക്കത്തെ സ്ത്രീ വഴക്കുണ്ടാക്കിയപ്പോൾ ചില കാരണങ്ങളുടെ പേരിൽ പ്രതികരിക്കാതിരുന്ന ഭർത്താവിനോട്, “അല്ലെങ്കിലും നിങ്ങളെക്കൊണ്ട് എന്തിനുകൊള്ളാം; ആണത്തമായി ഒരു വാക്കുപോലും നിങ്ങൾ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ” എന്നു ചോദിക്കുന്ന ഭാര്യ, ഇപ്പോഴത്തെ പ്രശ്നത്തിനപ്പുറം ഭർത്താവിനെ അടച്ചാക്ഷേപിക്കുകയാണ്.

ഭാര്യഭർത്താക്കന്മാർ തമ്മിൽ വഴക്കുണ്ടാകാമോ എന്നതാണല്ലോ നമ്മുടെ ചർച്ചാവിഷയം. വഴക്കുണ്ടാകാമെന്നാണ് ഉത്തരമെങ്കിലും ഈ കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ട് ശണ്ഠകൂടുമ്പോൾ അതിന് ഒരു സൗന്ദര്യപ്പിണക്കത്തിനപ്പുറം പോകാൻ സാധ്യമല്ലെന്നതാണ് വാസ്തവം. സൗന്ദര്യപ്പിണക്കത്തിന്റെ പരിധിയിൽ ഒതുക്കി നിർത്താൻ സാധിക്കാത്ത കലഹങ്ങളെ ജനിപ്പിക്കുന്ന കാരണങ്ങളും കുടുംബജീവിതത്തിലുണ്ടാകാം. ദാമ്പത്യ അവിശ്വസ്തത, മദ്യപാനം, അലസത, കുടുംബകാര്യങ്ങളിലെ നിരു

ത്തരവാദിത്വം തുടങ്ങിയ ബാഹ്യഘടകങ്ങൾ സുപ്രധാനങ്ങളെങ്കിലും അവ ഇവിടെ വിവരിക്കുന്നില്ല. വ്യക്തിയുടെ കൂടപ്പിറപ്പുകളായ ചില സ്വഭാവസവിശേഷതകൾമാത്രം ചർച്ചചെയ്യാം. മനഃശാസ്ത്രജ്ഞന്മാർ അവയെ നിർബന്ധസ്വഭാവങ്ങൾ എന്ന് വിളിക്കുന്നു.

## 1. ആധിപത്യമനോഭാവം

അധികാരവും ബുദ്ധിശക്തിയും തനിക്കു മാത്രമെയുള്ളൂ എന്നതാണ് ഇവരുടെ അടിസ്ഥാനവീക്ഷണം. ഏകപക്ഷീയമായി തീരുമാനങ്ങൾ എടുക്കുക, അവ അടിച്ചേൽപ്പിക്കുക, താൻ ചെയ്യുന്നതെന്തും ശരിയാണെന്ന് ശഠിക്കുക, തെറ്റു ചെയ്താലും അംഗീകരിക്കാതിരിക്കുക, മറ്റുള്ളവർ എന്തുചെയ്താലും നിരന്തരം വിമർശിക്കുകയും ശകാരിക്കുകയും ചെയ്യുക തുടങ്ങിയ പെരുമാറ്റങ്ങളിലൂടെ ഈ മനോഭാവം പ്രത്യക്ഷപ്പെടുന്നു.

## 2. കർക്കശപ്രകൃതി

കാലത്തിനൊത്ത് മാറാൻ സാധിക്കാതെ, കുട്ടിക്കാലത്ത് പഠിച്ചുവച്ച ശീലങ്ങൾ കണിശമായി പാലിക്കണമെന്ന നിർബന്ധബുദ്ധിയുള്ളവരാണിവർ. മറ്റുള്ളവർക്കിഷ്ടമില്ലെങ്കിലും തന്റെ മാനദണ്ഡങ്ങളും രീതികളും എല്ലാവരും പാലിക്കണമെന്നും കാലഹരണപ്പെട്ട അർത്ഥമില്ലാത്ത ചിട്ടകൾ മറ്റുള്ളവരും അനുഷ്ഠിക്കണമെന്നും ഇവർ ശഠിക്കും. തന്നെപ്പോലെ മറ്റുള്ളവർക്കും ചിന്തയും ബുദ്ധിയും തീരുമാനങ്ങളെടുക്കുവാനുള്ള കഴിവും സ്വാതന്ത്ര്യവും ഉണ്ടെന്നുള്ള യാഥാർത്ഥ്യം ഇവർ അംഗീകരിക്കുന്നില്ല.

## 3. പരിഗണനയില്ലായ്മ

പങ്കാളിയുടെ ത്യാഗവും അദ്ധ്വാനവും ദുഃഖങ്ങളും ഒരിക്കലും ഇക്കൂട്ടരുടെ മനസ്സിനെ സ്പർശിക്കുന്നില്ല. തന്റെ നിസ്സാരങ്ങളായ ത്യാഗവും ക്ലേശവുംപോലും പൊക്കിപ്പിടിച്ച് സംസാരിക്കുകയും ചെയ്യും. കൗൺസലിംഗിന് വന്ന ഒരു ഭർത്താവിന്റെ പരാതി ശ്രവിക്കൂ: ”ഞാൻ കഷ്ടപ്പെട്ട് പതിനായിരം രൂപ ഉണ്ടാക്കിയാൽ അതിനൊരു വിലയുമില്ല. അവൾ പണിയെടുത്ത് നൂറു രൂപയുണ്ടാക്കിയാൽ അതിന്റെ മാഹാത്മ്യം വാതോരാതെ പറയും.” പങ്കാളിയുടെ സ്ഥാനത്തുനിന്ന് ചിന്തിക്കാനും അയാളെ മനസ്സിലാക്കാനും സാധിക്കാത്ത കടുത്ത നിസ്വാർത്ഥതയാണ് പരിഗണനയില്ലായ്മയ്ക്കു കാരണം.

വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഇത്തരം നിർബന്ധസ്വഭാവങ്ങൾ കണ്ടെത്തി അംഗീകരിച്ച് അവയെ തിരുത്തേണ്ടത് ഊഷ്മളമായ ഭാര്യഭർത്തൃ സൗഹൃദത്തിന് അത്യന്താപേക്ഷിതമാണ്.

**ഒരു നല്ല വിവാഹത്തിൽ ഭാര്യയും ഭർത്താവും**
**പരസ്പരം വിശ്വസ്തരായിരിക്കുന്നത് കടമയുടെ പേരിലല്ല;**
**മറിച്ച്, അത് അവരുടെ സന്തോഷമായതിനാലാണ്. മെറിൽ റൂത്ത്**



# "എന്താ എന്നെ മേല്പോട്ട് വിളിക്കാത്തേ?"

**പോൾ ചാണ്ടി**

തൊണ്ണൂറ്റി എട്ട് വയസ്സിൽ "പുതിയ നിയമം" പകർത്തിയെഴുതിയ ഇളയപ്പനെ സന്ദർശിക്കുകയുണ്ടായി. 35 വർഷത്തെ അധ്യാപന വൃത്തിക്കുശേഷം റിട്ടയർ ചെയ്ത അദ്ദേഹത്തിന് വാർദ്ധക്യസഹജമായ അല്പസൊല്പം അസുഖങ്ങളുണ്ടെന്നതൊഴിച്ചാൽ മറ്റൊരു കുഴപ്പവുമില്ല.

അദ്ദേഹം പറഞ്ഞു: "പത്ത് പെൺമക്കളുള്ളതിൽ രണ്ടുപേർ സിസ്റ്റേഴ്സ് ആയി. ബാക്കി എട്ടുപേരേയും വിവാഹം ചെയ്തയച്ചു. അവരെല്ലാം നല്ല നിലയിൽ ജീവിക്കുന്നു. ഇനി എനിക്ക് ചുമതലയായിട്ടൊന്നും ചെയ്യാനില്ല. ഇപ്പോൾ വയസ്സ് തണ്ണൂറ്റൊമ്പതായി. അടുത്ത ഒക്ടോബറിൽ 100 വയസ്സു തികയും. പിന്നെ എന്താ എന്നെ മേല്പോട്ട് കൊണ്ടുപോകാത്തേ?"

ആ ചോദ്യത്തിന് ഒരു ഉത്തരം പറയണമല്ലോ. ഞാൻ പറഞ്ഞു: "ദൈവത്തിന് നമ്മെക്കുറിച്ച് ഓരോ പദ്ധതികളുണ്ടെന്നല്ലേ വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നതും നാം വിശ്വസിക്കുന്നതും. അതുകൊണ്ട് ദൈവം നമ്മെ വിളിക്കുന്നതുവരെ നാം ഇവിടെ തങ്ങണം. ഒരുപക്ഷെ നമുക്കിവിടെ പ്രവർത്തിക്കാൻ ഒന്നുമില്ലെന്ന് തോന്നുന്നുവെങ്കിലും നമ്മുടെ ഇവിടത്തെ സാന്നിധ്യം മാത്രം മതിയാകും, മറ്റുള്ളവർക്കുള്ള ഒരു സന്ദേശമാകാൻ. അതുകൊണ്ട് നാം കാത്തിരിക്കുകതന്നെ വേണം.

ഒടുവിൽ കഴിഞ്ഞ ഫെബ്രുവരി മാസം 2-ാം തിയ്യതി അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.

പഴയ തലമുറയെ സംബന്ധിച്ച്, അവർക്ക് ജീവിതത്തിൽ 'ഒടുവിൽ സ്വർഗ്ഗം' എന്ന് ഒരു ലക്ഷ്യബോധമുണ്ടായിരുന്നു. ആ ഒരു അവബോധത്തോടുകൂടിയായിരുന്നു അവരുടെ ജീവിതവൃത്തികളൊക്കെ തന്നെ. എന്നാൽ ഇന്ന് അത്തരമൊരു ലക്ഷ്യബോധം നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഈശോ ഈ ഭൂമിയിലേക്കു വന്നത് സുവ്യക്തമായ ലക്ഷ്യബോധത്തോടുകൂടെയായിരുന്നു. ആ ഒരു അവബോധത്തിലായിരുന്നു ഈ ലോകത്തി

ലെ അവിടുത്തെ ശുശ്രൂഷകളൊക്കെതന്നെ. ഒടുവിൽ അവിടുന്ന് നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി, കുരിശിൽ മരിച്ച് മൂന്നാംനാൾ ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു. ആ മഹത്തായ തിരുന്നാളിന്റെ ഓർമ്മയാണ് ഏപ്രിൽ 17-ാം തിയ്യതി നാം ആഘോഷിക്കുന്നത്.

ഇത്തരം ഒരു ലക്ഷ്യബോധം നമുക്കും ഉണ്ടാകണം. ഒരുപക്ഷെ നമുക്കുണ്ടാകേണ്ട ആ ലക്ഷ്യബോധം നമുക്കു നഷ്ടപ്പെട്ടിട്ടുണ്ടോ? അതോ നമ്മുടെ അവബോധം ഈ ലോകത്തെ സംബന്ധിച്ച് മാത്രമായി തരംതാണിട്ടുണ്ടോ?

സുപ്രസിദ്ധ ധ്യാനഗുരുവായ ബഹു. സേവിയർഖാൻ വട്ടായിൽ അച്ചൻ ഒരിക്കൽ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഉന്നതബിരുദങ്ങളും ഉയർന്ന ഉദ്യോഗവും വലിയ തുക വരുമാനവും സുഖഭോഗം നിറഞ്ഞ ജീതവും സ്വപ്നം കാണുന്നവരാണ് ഇന്നത്തെ ക്രൈസ്തവർ. അതിനുവേണ്ടി ഏതറ്റംവരെ പോകാനും അവർ തയ്യാറാണ്. മാതാപിതാക്കൾ എത്ര ക്ലേശിച്ചിട്ടായാലും മക്കൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നു, വിദേശത്തേക്ക് അയച്ച് പഠിപ്പിക്കുന്നു. യുവതീയുവാക്കൾ ഉയർന്ന ഉദ്യോഗലബ്ധിക്കുവേണ്ടി വിവാഹപ്രായം തന്നെ ഉയർത്തിക്കൊണ്ടുപോകുകയാണ്. കുടുംബജീവിതമല്ല ഉദ്യോഗവും വലിയതുക പ്രതിഫലവുമാണ് വലുത്. കുടുംബജീവിതം അപ്രധാനമായി തീർന്നിരിക്കുകയാണ്. അതുതന്നെയാണ് ആധുനീക ക്രൈസ്തവന്റെ 'യോഗ്യത' കുറവിനുള്ള കാരണവും. സ്വർഗ്ഗമെന്ന ലക്ഷ്യബോധം കുടുംബത്തിൽനിന്നുമുണ്ടാകണം.

അതിനാൽ നമുക്കൊരു പുനർചിന്തനം നടത്താം. നാം ഓരോരുത്തരും ഈശോയെപോലെ ഈ പ്രവാസജീവിതത്തിനുശേഷം ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗപിതാവിന്റെ ഭവനത്തിൽ എത്തിച്ചേരേണ്ടവരാണ് എന്ന്. അതിന് ഉത്ഥിതനായ ക്രിസ്തുനാഥൻ നാം ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!


# FINEX
## Electricals & Sound

Olarikkara, Thrissur Pin - 680 012
Phone : 0487 - 23621976, Res : 2366490, Mob : 9847867312

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**



# കോവിഡ് കാലഘട്ടത്തിലെ ജീവിതം! എന്തൊക്കെ ശ്രദ്ധിക്കണം?

**Dr. Deepa John Binoy (BSMS)**

കോവിഡ് രോഗം വലിഞ്ഞുമുറുക്കിയിട്ട് വർഷം രണ്ടു കഴിഞ്ഞു. വാക്സിനുകൾ എടുത്തെങ്കിലും ഇപ്പോഴും 'മാസ്ക്' ആകാശത്തേയ്ക്ക് വലിച്ചെറിഞ്ഞ് സ്വസ്ഥമായി വിഹരിക്കാമെന്നത് മനോഹരമായ നടക്കാത്ത സ്വപ്നമായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഓരോ പ്രാവശ്യവും തീവ്രത കുറഞ്ഞുവരുതിയിലാക്കി എന്നാശ്വസിക്കുന്ന നിമിഷം പുതിയ രൂപത്തിലും ഭാവത്തിലും കോവിഡ് വൈറസ് പുതിയ വേരിയന്റുകളെ ഇറക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത കോവിഡ് തരംഗം വരുമ്പോഴേയ്ക്കും കഴിഞ്ഞ തരംഗത്തിൽ നമ്മൾ പഠിച്ച പാഠങ്ങൾ മറന്നുപോകരുത്. കോവിഡ് തരംഗം വരുമ്പോൾ മാത്രം ശ്രദ്ധിക്കുന്ന ചില കാര്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിയാൽ നമുക്കുകോവിഡിനെ തുരത്താം. അത് എന്തൊക്കെയാണെന്ന് നോക്കാം.

"ഉണവേ മരുന്തു" എന്നാണ് സിദ്ധവൈദ്യത്തിൽ പറയുന്നത്. ശരിയായ ഭക്ഷണം തന്നെയാണ് യഥാർത്ഥ മരുന്ന് എന്നാണ് സിദ്ധവൈദ്യം പ്രതിപാദിക്കന്നത്. ഭക്ഷണം ശരിയായ രീതിയിൽ കഴിക്കുകയാണെങ്കിൽ മരുന്നു കഴിക്കേണ്ട ആവശ്യം വരുന്നില്ല. ശരീരത്തിന്റെ പ്രതിരോധശക്തി കൂട്ടുന്നത് കോവിഡ് വൈറസിനെ ചെറുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണ്. ജങ്ക് ഫുഡുകൾ (Junk Foods) ഒഴിവാക്കി കൂടുതൽ പച്ചക്കറികളും ഫലവർഗ്ഗങ്ങളും ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പാചകം ചെയ്യുമ്പോൾ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, വെളുത്തുള്ളി, ജീരകം, പെരുഞ്ചീരകം, കറുവപ്പട്ട, ഗ്രാമ്പൂ മുതലായവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. അമിതമായി ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കുക. എരുവും പുളിയും ഉപ്പും മിതമായ രീതിയിൽ ഉപയോഗിക്കുക.

കടുത്തചൂടുള്ള ഈ സമയത്ത് പ്രത്യേകിച്ചും സോഫ്റ്റ് ഡ്രിങ്ക്സ് ഒഴിവാക്കി പഴച്ചാറുകൾ കുടിക്കാൻ ശ്രദ്ധിക്കുക. ധാരാളം വെള്ളം കുടിക്കുക. ഇഞ്ചിയോ ചുക്കോ ഇട്ട് തിളപ്പിച്ച വെള്ളം കുടിയ്ക്കാം. പനിക്കൂർക്ക, തുളസി





മുതലായ ഇട്ട് വെള്ളം തിളപ്പിച്ചുകുടിക്കുന്നത് കോവിഡ് മാത്രമല്ല മറ്റു പകർച്ചവ്യാധികളിൽനിന്നും നമ്മെ രക്ഷിക്കുന്നതാണ്.

പലർക്കും കോവിഡ് വന്നതിനുശേഷം ക്ഷീണം, വിട്ടുമാറാത്ത ചുമ, കിതപ്പ് തുടങ്ങിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.

ക്ഷീണത്തിന് - അമുക്കുരത്തിന്റെ പൊടി ഒരു ടീസ്പൂൺ പാലിൽ ചാലിച്ച് ദിവസവും രണ്ടുനേരം കഴിക്കുന്നത് ക്ഷീണം മാറ്റാൻ സഹായിക്കും.

വിട്ടുമാറാത്ത ചുമയ്ക്ക് - ചുക്ക്, കുരുമുളക്, തിപ്പലി സമയം എടുത്ത് ഉണക്കിപ്പൊടിച്ച് തേനിൽ ചാലിച്ച് ദിവസവും 2 നേരം സേവിയ്ക്കാം.

കിതപ്പിന് - നീർമരുതിന്റെ തൊലി ഉണക്കിപ്പൊടിച്ചത് ഒരു ടീസ്പൂൺ ചെറുചൂടുവെള്ളത്തിൽ ചാലിച്ച് ദിവസവും രണ്ടുനേരം സേവിയ്ക്കാം.

കൃത്യമായി വ്യായാമം ചെയ്യുക, പ്രാണായാമം പോലുള്ള ശ്വസനപ്രക്രിയകൾ ചെയ്യുക. മുതലായവ വഴി ആരോഗ്യം വർദ്ധിക്കുമ്പോൾ കോവിഡ് മാരി എന്നല്ല ഒരു രോഗത്തിനും നമ്മെ സ്പർശിക്കാൻ പോലും സാധിക്കുന്നതല്ല.


DR. D DETAILING CAR SPA

കാർവാഷ് ഇനിമുതൽ നിങ്ങളുടെ

വീട്ടുമുറ്റത്ത്



DOORSTEP CARWASH

STARTING@Rs. 449/-

Call / Whats app - 8864 8864 62



# ഫ്രാൻസിസ്കൻ അധ്യാത്മികതയുടെ ഇന്നത്തെ പ്രസക്തി

**ബിജി എം.ഡി**

**ആമുഖം**

ദൈവം സ്നേഹമാണെന്നും, ആ സ്നേഹം അർഹമായവിധം സ്നേഹിക്കപ്പെടുന്നില്ലെന്നും തിരിച്ചറിഞ്ഞ അസ്സീസിയിലെ വി. ഫ്രാൻസീസ്, സഹസൃഷ്ടികളോടുള്ള കരുണാമയമായ സ്നേഹമൊന്നുമാത്രമാണ്. മനുഷ്യജീവിതത്തെ സ്രഷ്ടാവും, പിതാവുമായ ദൈവത്തിലേക്കു നയിക്കുന്ന ശക്തിയന്ന് അനുഭവിച്ചറിഞ്ഞ പുണ്യപുരുഷനായിരുന്നു. ഒരു മനുഷ്യന് സാധ്യമാകുന്നതിന്റെ പൂർണ്ണതയിൽ രക്ഷകനായ യേശുവിന്റെ ജീവിതത്തെ പുനരവതരിപ്പിച്ച ഫ്രാൻസീസ്, സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും പ്രേക്ഷിതനായി വിശ്വസാഹോദര്യത്തിന് വഴികാട്ടിയായി. “ക്രിസ്തുമതത്തിലുണ്ടായിട്ടുള്ള ഏറ്റവും സമാകർഷണീയരായ വ്യക്തികളിലൊരാളാണ് അസ്സീസിയിലെ ഫ്രാൻസീസ് എന്ന്” ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അഭിപ്രായപ്പെടുകയുണ്ടായി. ഏതു ജീവിതാന്തസ്സിലും പ്രായത്തിലുള്ളവർക്ക് അദ്ദേഹം ഒരു ആദർശപുരുഷനാണ്. താൻ ലോകത്തിലെ ഏറ്റവും വല്യ. പാപിയാണെന്ന് സ്വയം പ്രസ്താവിച്ച മഹത് വ്യക്തിത്വമായിരുന്നു ഫ്രാൻസീസ് അസ്സീസി. യേശുവിന്റെ കുരിശ്, യുദ്ധത്തിലേക്കല്ല അനുരഞ്ജനത്തിലേക്കാണ് നമ്മെ നയിക്കേണ്ടത് എന്ന് ഉദ്ബോധിപ്പിച്ച വി. ഫ്രാൻസീസിന്റെ സ്നേഹഗായകത്വം നിറഞ്ഞ ആദ്ധ്യാത്മികത, ദൈവവചനത്തിന് സ്വജീവിതത്തിലൂടെ ജീവനേകിയ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ ആദ്ധ്യാത്മികതയുടെ പ്രസക്തി. ഈ കാലഘട്ടത്തിൽ നാം ചിന്തിക്കേണ്ടതും, മനസ്സിലാക്കേണ്ടതും ഇന്നിന്റെ ഒരാവശ്യം തന്നെയാണ്.

**സുകൃതമാല്യം തീർത്ത പുണ്യപുരുഷൻ**

മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്, നിങ്ങളുടെ പ്രകാശം മനുഷ്യരുടെ മുന്നിൽ വീശട്ടെ എന്ന സുവിശേഷകന്റെ വാക്കുകളെ ഹൃദയത്തിൽ സംവഹിച്ച വ്യക്തിത്വമായിരുന്നു വി. ഫ്രാൻസീസ് അസ്സീസി. ജീവിത

വാതായനങ്ങൾ പ്രബലപ്പെടുത്തുവാൻ പഴയ തലമുറ കൈമുതലാക്കിയ വിശ്വാസകിരീടമാണ് സുകൃതാഭ്യാസം. സൽപ്രവൃത്തികൾ ചെയ്യാൻ ഉത്സാഹിക്കുവിൻ. അങ്ങനെ ചെയ്താൽ നിങ്ങളൊരിക്കലും പാപത്തിൽ വീഴുകയില്ല. കൂടാതെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം സുഗമവുമാക്കും. ഈ യാഥാർത്ഥ്യം മുറുകെ പിടിച്ച ഒരു തലമുറ നമുക്കുണ്ടായിരുന്നു. കാലങ്ങൾ അതിന്റെ യവനികയ്ക്കുള്ളിൽ മറയുമ്പോൾ മനസ്സിൽ ഉറച്ച ശീലങ്ങൾ ഇല്ലാതാക്കുന്ന കാഴ്ച ഇന്ന് അന്യമല്ല. ആദ്ധ്യാത്മിക ചൈതന്യമുള്ള കുടുംബങ്ങൾ, മാതാപിതാക്കൾ, സമൂഹം എന്നിവയുടെ അഭാവം ഒരുവന്റെ സന്മാർഗ്ഗിക ഭാവങ്ങളെ പിഴുത് എറിഞ്ഞ് അവനെ കാളസംസ്കാരത്തിന്റെ വക്താക്കളാക്കുന്നു. ഇവിടെയാണ് അന്യന്റെ മനസ്സ് തൊട്ടറിയാൻ, അയൽക്കാരന്റെ വേദനകളെ ഒപ്പിയെടുക്കുവാൻ, കൂട്ടുകാരന്റെ പ്രയാസങ്ങളെ തൊട്ടറിയുവാൻ, രോഗപീഡകളെ വെച്ചുകെട്ടാൻ - നല്ല സമരിയാക്കാരന്റെ പോലെ, വി, മദർ തെരേസയെ പോലെ, വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയെ പോലെ ദിവ്യചൈതന്യമുള്ള വ്യക്തികളുടെ ചിന്തകളും, സുകൃതങ്ങളും അടുത്ത തലമുറ ഏറ്റെടുത്ത് മുന്നേറുമ്പോൾ അവിടെ രൂപപ്പെടുന്നു ശാന്തിയും സമാധാനവും സുസ്ഥിരതയും. ഈ കാലഘട്ടത്തിന്റെ ആവശ്യവും ഇത് ഒന്നുതന്നെയാണ്. ഈ ലോകത്തെ അതിലെ സർവ്വചരാചരങ്ങളെയും കരുണയോടും, ദയയോടും കണ്ട്, തൊട്ട്, സ്നേഹിച്ച് കടന്നുപോകുമ്പോൾ മനസ്സിന് ഉന്മേഷം നൽകുന്ന ആന്തരികസൗന്ദര്യത്തിന് അവസരം ഒരുങ്ങുന്നു.

**എല്ലാവരും സഹോദരീ സഹോദരന്മാർ**

വി. ഫ്രാൻസീസിന്റെ സ്നേഹം സാർവ്വലൗകികമായിരുന്നു. എല്ലാവരും ഏകപിതാവായ ദൈവത്തിന്റെ മക്കളാണ് എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു. എല്ലാവരും ശൂന്യാവസ്ഥയിൽനിന്ന് സൃഷ്ടിക്കപ്പെട്ടു. തൻനിമിത്തം എല്ലാവരും സഹോദരി സഹോദരന്മാരാകുന്നു. ഈ കാരണത്താൽ നാം ഒന്നിനെയും അവഗണിക്കുവാനോ പുച്ഛിക്കുവാനോ പാടില്ല. എല്ലാവരേയും സഹോദരരായി കാണുന്ന നല്ല മനോഭാവത്തിന്റെ ഉടമയാണ് ആ നല്ല പിതാവ്. ദൈവത്തിന്റെ അനന്തമായ കരവേലകളെ മനസ്സുകൊണ്ട് ആദരിച്ചു എന്നതിന്റെ തെളിവാണ് ഇത്. ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ വിപത്ത് എന്ന് പറയുന്നത്, സ്വന്തം രക്തത്തിൽ പിറന്ന സഹോദരങ്ങളെ കണ്ടില്ല എന്നു നടിച്ച് സ്വന്തം സ്വാർത്ഥതയ്ക്കും, സ്വന്തം ലാഭത്തിനും വേണ്ടി മറ്റുള്ളവരെ വേദനിപ്പിക്കുന്ന, പരിഹസിക്കുന്ന ഒരു മനോഭാവത്തിലാണ് ഇന്നത്തെ കുഞ്ഞുങ്ങൾ വളർന്നുവരുന്നത്. ഒന്നിനും നേരമില്ലാതെ, എല്ലാത്തിനും ഒരു കമ്പോളസംസ്കാരത്തിന്റെ ചുവടുപിടിച്ച് മുന്നേറുമ്പോൾ ഒരു നിമിഷം നമുക്ക് ചിന്തിക്കാം. അമ്മയുടെ താരാട്ടും, അച്ഛന്റെ തലോടലും, സമൂഹത്തിന്റെ സൗഹൃദവും, സഹോദരങ്ങളുടെ സ്നേഹവും ഇന്ന് വെറു സ്വപ്നങ്ങൾ മാത്രം. ഈ സ്ഥാനത്ത് പ്രകൃതിയിലെ സർവ്വചരാചരങ്ങളോടും സ്നേഹത്തിലും കരുണയിലും പെരുമാറുന്ന വി. ഫ്രാൻസീസിന്റെ സഹോദരഭാവം നമുക്ക് ഒരു മുതൽക്കൂട്ടാണ്. അതായത് സർവ്വസൃഷ്ടികളി

# 4–ാം ചരമവാർഷികം

22–04–2022



## പുലിക്കോട്ടിൽ ചിറ്റിയൻ

# ജോസഫ് മകൻ മാത്യൂ

ജനനം : 05-08-1930 മരണം : 22-04-2018

ഞങ്ങളുടെ ജീവിതപാതയിൽ വിളക്കായി, വെളിച്ചമായി,
വിളങ്ങിയ സ്നേഹ ദീപമേ നയിച്ചാലും
ആയിരം പ്രണാമം

മരിക്കാത്ത ഓർമ്മകളുമായി സന്തപ്ത കുടുംബാംഗങ്ങൾ

സെന്റ് ഗൊൺസാല കുടുംബകൂട്ടായ്മ

# സ്നേഹസ്മരണക്ക്

16 – ാം ചരമവാർഷികം

16. 04. 2022



## ചാലിശ്ശേരി ഇട്ടിക്കുരു തോമ

# ഔസേഫ്

ജനനം : 25.06.1927  മരണം : 16.04.2006

**സന്തപ്ത കുടുംബാംഗങ്ങൾ**

സെന്റ് തോമസ് കുടുംബകൂട്ടായ്മ

4-ാം ചരമവാർഷികം



ചക്കാലക്കൽ ജോസഫ് മകൻ

**പോളി**

ജനനം : 24.09.1946 മരണം : 04.04.2018

39-ാം ചരമവാർഷികം



ചക്കാലക്കൽ പൈലോത് മകൻ

**ജോസഫ്**

ജനനം : 08.07.1918

മരണം : 03.04.1983

11-ാം ചരമവാർഷികം



ചക്കാലക്കൽ ജോസഫ് ഭാര്യ

**കുഞ്ഞില**

ജനനം : 03.10.1926

മരണം : 17.11.2011


ESTD 2004
വിശ്വാസത്തിന്റെ 18 വർഷങ്ങൾ
ഇനിമുതൽ കൂടുതൽ
ഡിജിറ്റലായി...
MI SMART TV AVAILABLE HERE
ASSURED GIFT
COMPANY EXchange Offer
0% LOAN AVAILABLE
BAJAJ FINSERV
HDB
HOME CREDIT
Pine Labs
Debit & Credit Card EMI Available
Authorised Dealer of:
vivo
realme
SAMSUNG
NOKIA
oppo
mi
POCO
infinix
new Emirates Mobile Shoppe
KURUPPAM ROAD
Thrissur, Ph:0487-2444825
E-mail: newemiratestcr@gmail.com
Call : 9847 600 064 | 9847 468 655
follow us on // newemiratestcr
SPECIAL GIFT
Gift VOUCHER
Name:
Address:
Mobile No:
Emirates Mobile Shoppe
KURUPPAM ROAD

ലും ദൈവത്തെ കണ്ടു സ്തുതിക്കുന്ന ഫ്രാൻസീസിന്റെ ദൈവത്തോടുള്ള തിരയടങ്ങാത്ത സ്നേഹം. ഈ സ്നേഹം നഷ്ടപ്പെടുന്നതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. ഇവിടെയാണ് എല്ലാ വസ്തുക്കളിലും ദൈവത്തെ കാണുന്ന ഫ്രാൻസീസിന്റെ ആദ്ധ്യാത്മികത.

**നല്ല പിതാവ് ആദ്ധ്യാത്മിക ഇടയൻ**

വി. ഫ്രാൻസീസിന്റെ ജീവിതത്തിലെ ഏതുരംഗം പരിശോധിച്ചാലും ദൈവമായ പിതാവിലുള്ള അദ്ദേഹത്തിന്റെ ആശ്രയം നമുക്ക് തെളിഞ്ഞുകാണാം. മനുഷ്യവംശത്തെ രക്ഷിക്കാൻ സ്വന്തം മകനെ മണ്ണിലേക്ക് അയച്ച സ്നേഹപിതാവ്, ഈ പിതാവിന്റെ സംരക്ഷണം ഏതൊരു വ്യക്തിക്കും ആശ്വാസവും ആനന്ദവുമാണ്. എന്നാൽ കൂട്ടംതെറ്റി ആലയിൽ നിന്നും പോകുന്ന കുഞ്ഞാടുകളെ തേടി അലയുന്ന ഒരു ഇടയനെയാണ് നമുക്ക് കാണാൻ കഴിയുക. ഇന്നിന്റെ മായികപ്രപഞ്ചം പലവിധ നിറങ്ങളാൽ, ചിത്രങ്ങളാൽ അലംകൃതം. ഒരു നിമിഷം നേരത്തെ സുഖത്തിനും, ആഡംബരത്തിനും ലാഭത്തിനും വേണ്ടി തന്റേതായതെല്ലാം അടിയറവ് വെയ്ക്കുന്ന ഒരു പുത്തൻസമൂഹം മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് സ്വന്തബന്ധങ്ങളെ അടിയറവ് വെയ്ക്കുന്ന കൗമാര യൗവ്വനങ്ങൾ, വാർദ്ധക്യരോഗപീഡകളാൽ ഞെരുങ്ങുന്ന വയോധികരെ വൃദ്ധസദനങ്ങളിലും, കടത്തിണ്ണകളിലും വലിച്ചെറിയുന്ന നാഗരിക സംസ്കാരം, വിശ്വാസത്തിന്റെ മുൾമുന ഒടിച്ച് അണുകുടുംബത്തിന്റെ സ്വാർത്ഥതയ്ക്കും സുഖത്തിനും നേരെ കണ്ണടയ്ക്കുന്ന മാതാവും, പിതാവും. ഇവിടെയാണ് സമാധാനത്തിന്റെ സംരക്ഷണത്തിന്റെ കൈത്താങ്ങുമായി കടന്നുവരുന്ന വി. ഫ്രാൻസീസിന്റെ വിശ്വാസത്തിന്മേലുള്ള സഹനത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവെയ്ക്കലിന്റെ, കൂട്ടിച്ചേർക്കപ്പെടുന്നതിന്റെ ആദ്ധ്യാത്മികത. ഇന്നിന്റെ ദീനരോദനവും, നിലവിളിയും, കാത്തിരിപ്പും ഇതിനുവേണ്ടിയാണ്. ഈ നിലവിളിയ്ക്ക് പിൻവിളിയാകാൻ കഴിയുമ്പോൾ നമ്മുടെ സമൂഹത്തിൽ, വ്യക്തികളിൽ, ലോകത്തിൽ ഒരു മാറ്റം കാണാൻ തുടങ്ങും. ഇത് പുതുതലമുറയുടെ ഹൃദയങ്ങളെ കൂട്ടിച്ചേർക്കുമ്പോൾ, കരങ്ങൾ പരസ്പരം കൂടിചേരുമ്പോൾ, അധരങ്ങൾ ഒരേ സ്വരം ഉച്ചരിക്കുമ്പോൾ, പാദങ്ങൾ നന്മയുടെ മാർഗ്ഗത്തിൽ ചലിപ്പിക്കുമ്പോൾ പുത്തൻ ഉണർവ്വിന്റെ ഒരു അദ്ധ്യാത്മികഗീതം ഉയരുന്നു. ഈ തുടക്കമാണ് അന്ന് അനുഭവിച്ച ഫ്രാൻസിസ്കൻ അദ്ധ്യാത്മികതയുടെ നേർക്കാഴ്ച.

**ദൈവവമുമായുള്ള ആത്മബന്ധം**

ചെറുപ്പം മുതലേ വി. ഫ്രാൻസിസിന്റെ അദ്ധ്യാത്മിക ഗുരു അവന്റെ അമ്മയായിരുന്നു. സുഖലോലുപനും, ആഡംബരപ്രിയനുമായ അവന് ഉന്നത സ്ഥാനങ്ങളായിരുന്നു അവന്റെ ആഗ്രഹം. എന്നാൽ മകന്റെ തിരുച്ചുവരവിന് കഠിനമായി പ്രാർത്ഥിക്കുന്ന ഒരു മാതാവ് ഉണ്ടായിരുന്നു എന്നതാണ് ഈ കുഞ്ഞിന്റെ നേർവഴിയ്ക്കുള്ള നടത്തത്തെ മുന്നോട്ടുനയിച്ചത്. ഇന്നത്തെ ലോകത്തിന്റെ വലിയ പ്രതിസന്ധി ഇതുതന്നെയാണ്. സന്ധ്യാസമയങ്ങളിൽ കുരിശുവരയും സന്ധ്യാപ്രാർത്ഥനയും മറന്നുപോയി എന്നതാണ് ദുരവസ്ഥ.

അമ്മ മടിയിലിരുത്തി കുരിശുവരച്ച സന്ധ്യകൾ ഇന്ന് സീരിയലിനും, ചാറ്റിങ്ങിനും, കുശലം പറയുന്നതിനുള്ള ഇടങ്ങളായി മാറി. മുതിർന്നവർക്ക് സ്തുതി ചൊല്ലുന്ന നല്ലൊരു പാരമ്പര്യം നമുക്കുണ്ടായിരുന്നു. അതിനു പകരം "ഗുഡ്മോണിംഗ് അപ്പാപ്പ", "ഗുഡ്നൈറ്റ് അമ്മാമ്മേ" എന്നു പറയുന്ന മൃതസംസ്കാരത്തിലേക്ക് നടന്നുനിങ്ങുന്ന ഇന്നത്തെ യുവജനങ്ങൾക്ക് ഒരു മാതൃകയാണ് വി. ഫ്രാൻസീസ് അസ്സീസി. ദൈവത്തിനോടുള്ള സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ് അദ്ദേഹത്തിന്റെ അധരത്തിൽ നിന്നും വന്ന വചനങ്ങൾ. "യജമാനനായ അവിടുന്ന് എനിക്കുവേണ്ടി സഹിക്കുമ്പോൾ ഭൃത്യനായ ഞാൻ എങ്ങനെ സുഖസന്തോഷങ്ങൾ അനുഭവിക്കും." ഈ ചിന്തയ്ക്ക് നാം കാതുകൊടുക്കുമ്പോൾ ഒരു പുതിയ പ്രഭാതം നമുക്ക് മുന്നിൽ പുലരും. അതായിരിക്കും ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയുടെ പൊന്നുഷസ്സ്.

**ഉപസംഹാരം**

ക്രൈസ്തവ സ്നേഹത്തിന്റെ നിത്യഗായകനായി, ലോകത്തെ ഒരൊറ്റത്തറവാടായി കാണാൻ പഠിപ്പിച്ച സാർവ്വലൗകിക ശ്രേഷ്ഠനായി, അതിനേക്കാളുപരി ദൈവവുമായുള്ള ആത്മബന്ധത്തിന്റെ ഉത്തുംഗ പുഷ്പമായി വിരാചിക്കുന്ന പതിതരുടെ നേതാവാണ് വി. ഫ്രാൻസീസ് അസ്സീസി. ശൂന്യമാക്കുന്നതിലൂടെ ദൈവത്തെ അനുഭവിച്ചറിയുവാൻ കഴിയും എന്ന വലിയ ആദ്ധ്യാത്മികപാഠം പകർന്നുതന്നു എന്നതുതന്നെയാണ് ആ കാലഘട്ടത്തിലെ ഏറ്റവും വലിയ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത.

---

**ആൻസ് ഡൈജസ്റ്റിൽ പ്രസിദ്ധീകരിക്കേണ്ട**
**സംഘടനാ വാർത്തകൾ, കുടുംബകൂട്ടായ്മ വാർത്തകൾ,**
**രചനകൾ, പരസ്യങ്ങൾ എന്നിവ**
**എല്ലാ മാസവും 15–ാം തിയ്യതിക്കു**
**മുൻപായി ഓഫീസിൽ ലഭിക്കേണ്ടതാണ്.**



# 24-ാം ചരമവാർഷികം
26.04.2022



## മാർ ജോസഫ് കുണ്ടുകുളം
(മുൻവികാരി 1958-1970)

ജനനം : 26.09.1917 മരണം : 26.04.1998

26.04.2022 ചൊവ്വ - ദിവ്യബലിയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്

# 25-ാം ചരമവാർഷികം
11.04.2022



## വെരി. റവ. ഫാ. ഇഗ്നേഷ്യസ് ചാലിശ്ശേരി
(മുൻവികാരി)

ജനനം : 31.05.1934 മരണം : 11.04.1997

11.04.2022 തിങ്കൾ - ദിവ്യബലിയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്



# കോവിഡാനന്തര പഠനം – ഓൺലൈൻ സമ്പ്രദായം – ഒരു വിലയിരുത്തൽ

പ്രൊ. ഡോ. മാണി കെ. പീറ്റർ

ലോകചരിത്രം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനു മുമ്പും ക്രിസ്തുവിനു ശേഷവും. എന്നാൽ ഇനിയുള്ള ചരിത്രം വിഭജിക്കപ്പെടാൻ പോകുന്നത്, കോവിഡിന് മുൻപും, കോവിഡിനുശേഷവും എന്നായിരിക്കും.

2019 നവംബർ മാസത്തിൽ ചൈനയിൽ തുടക്കമിട്ട കോവിഡ് 19 വൈകാതെ ലോകം മുഴുവൻ വ്യാപിയ്ക്കുകയും, ലോകസാമ്പത്തിക ശ്രമത്തെ തകിടം മറിക്കുകയും ചെയ്തു ഇതിന്റെ പ്രത്യാഘാതങ്ങൾ ഇന്ത്യ യുടെ സാമ്പത്തിക നിലയിലും പ്രതിഫലിച്ചു. ഇതിൽ ഒരു മേഖലയാണ് വിദ്യാഭ്യാസമേഖല.

2020 മാർച്ച് പകുതിയോട സ്കൂളുകളും, കോളേജുകളും പൂട്ടിയതോടെ ഒരു പുതിയ വിദ്യാഭ്യാസ ക്രമത്തിന് തുടക്കമിടുകയായിരുന്നു. ആദ്യ രണ്ടു മാസകാലം പരിപൂർണ്ണമായ അടച്ചുപൂട്ടലിനുശേഷം ഓൺലൈൻ പഠനരീതിയിലേക്ക് മാറി.

**ഓൺലൈൻ പഠനരീതി :**

ക്ലാസ് മുറികളിൽ നേരിട്ടെത്തി അദ്ധ്യാപകന്റെ വായ്മൊഴികൾ നേരിട്ട് ശ്രവിയ്ക്കുന്നതിനു പകരമായി വിദ്യാർത്ഥി അറിവ് ഇലക്ട്രോണിക് മാധ്യമത്തിലൂടെ ശ്രവിക്കുകയും, കാണുകയും ചെയ്യുന്നതാണ് ഓൺലൈൻ രീതി.

വിദ്യാർത്ഥി വീട്ടിലും, അദ്ധ്യാപകർ വീട്ടിൽ/സ്കൂളിൽ ഇരുന്നും വിദ്യപകരുന്ന തികച്ചും സാങ്കേതിക മാർഗ്ഗങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള പഠനരീതിയാണിത്. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, സ്മാർട്ട് ബോർഡുകൾ എന്നിവ ഈ പഠനരീതിയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ഈ പഠനരീതിയ്ക്കുവേണ്ടി, കുറിപ്പുകളും, പഠനരീതികളും പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. ഉദാ KITE VICTERS, VIDYA, DIKSHA മുതലായ ചാനലുകൾ. കോവിഡ് പരിപൂർണ്ണമായി മാറിയാലും ഇനിയുള്ള കാലത്ത് ഓൺലൈൻ പഠനം ഒരു സുപ്രധാനപങ്ക് വഹിക്കും കാരണം, പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഓൺലൈൻ പഠനം ഒരു പ്രധാന ഉപാധിയായി നിർദ്ദേശിച്ചിരിക്കുന്നു ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞാൽ, വരും തലമുറയ്ക്ക് ഓൺ ലൈൻ പഠനരീതിയെ ആശ്രയിക്കേണ്ടതായി വരുന്ന ഈ സാഹചര്യത്തിൽ ഓൺലൈൻ പഠനത്തിന്റെ ഗുണങ്ങളും, ദോഷങ്ങളും പരിശോധിക്കുന്നത് നന്നായിരിക്കും.

**ഓൺലൈൻ പഠനരീതി – ഗുണങ്ങൾ**

1. ഈ രീതിയുടെ ഒന്നാമത്തെ ഗുണം സൗകര്യ ഘടകമാണ്. കഴിഞ്ഞ വർഷങ്ങളിലെ പഠനരീതിയിൽ കൃത്യസമയത്ത് ആരംഭിക്കുകയും, അവസാനിക്കുകയും ചെയ്യുമായിരുന്നു. ഈ രീതിയിൽ സമയക്രമത്തിൽ മാറ്റങ്ങൾ വരുത്താം. കുട്ടികൾക്ക് അഭിരുചിയുള്ള സമയങ്ങൾ ക്രമീകരിക്കാം. മാതാപിതാക്കൾ രണ്ടുപേരും ജോലി ചെയ്യുന്ന ഇന്നത്തെ കാലത്ത് ഈ സൗകര്യ ഘടകം വളരെ ഉപകാരപ്രദമാണ്. അതിനുപുറമെ റോഡിലെ കുട്ടികളുടെ തിരക്കുകുറയ്ക്കുകയും, ഗതാഗത പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യാം.

2. നേരത്തെ സൂചിപ്പിച്ചതുപോലെ ഓൺലൈൻ പഠനരീതി, കുട്ടികൾക്ക് പഠനവിഷയങ്ങൾ തിരഞ്ഞെടുക്കുവാനുള്ള അവസരം നല്കുന്നു. ഇത് പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമാണ്. ദേശീയ വിദ്യാഭ്യാസ നയം വരും വർഷങ്ങളിൽ നടപ്പിലാകുന്നതോടെ, ഇപ്പോൾ നിലവിലുള്ള പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്ക്കൂൾ ക്ലാസുകളുടെ ഘടനയിലും, വിഷയങ്ങളിലും നിർണ്ണായകമായ മാറ്റങ്ങൾ വരും.

3. വിദ്യാഭ്യാസം ഓരോ കുട്ടിയുടേയും മൗലീക അവകാശമാണ്. എല്ലാ വിഭാഗത്തിലും പെട്ട കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരം ഈ രീതി ഉറപ്പുവരുത്തുന്നു. “കുട്ടികളുടെ വിദ്യാഭ്യാസം മൗലീക അവകാശം” എന്ന തത്വം ഇവിടെ ഉറപ്പാക്കപ്പെടുന്നു. കുട്ടിയുടെ വാസസ്ഥലം, വീടുകൾ ക്ലാസ് മുറികളുടെ “രൂപവും, ഭാവവും” സ്വീകരിക്കുന്നു.

4. ഓൺ ലൈൻ പഠനം പുതിയ വിദ്യാഭ്യാസനയത്തിൽ തുടരും എന്ന് പറഞ്ഞുവല്ലോ. പുതിയ നയത്തിൽ കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. എല്ലാ വിഷയങ്ങൾക്കും തുല്ല്യപ്രാധാന്യമല്ല നൽകുന്നത്. ചെറുപ്രായത്തിൽ കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി വിദ്യ അഭ്യസിക്കുക എന്ന, വിദ്യാഭ്യാസത്തിന്റെ കാതൽ ഇവിടെ ഫലപ്രദമാകുന്നു. ഒരു രാജ്യത്തിന് എല്ലാ വിഭാഗത്തിലുംപ്പെട്ട മിടുക്കരെ ആവശ്യമുണ്ടല്ലൊ.

5. ഓൺലൈൻ പഠനരീതി ലോകത്തെ ഒരു “ചെറുഗ്രാമം” ആക്കി മാറ്റുന്നു. വിദ്യാർത്ഥികൾക്ക് ലോകപ്രശസ്തരായ വിദഗ്ദ്ധരുമായി, ശാസ്ത്രജ്ഞന്മാരുമായി സംവദിക്കാൻ സാധിക്കുന്നു. പുതിയ അദ്ധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ സ്ഥാപിയ്ക്കുവാൻ സഹായിക്കുന്നു. അറിവിന്റെ ചക്രവാളങ്ങൾ വികസിക്കുന്നു. ഇന്നലെ വരെ ഒരു ശരാശരി വിദ്യാർത്ഥിയ്ക്ക് സ്വപ്നം പോലും കാണാൻ പറ്റാത്ത കാര്യങ്ങളാണ് ഇതെല്ലാം.



6. ഓൺലൈൻ പഠനം, ജീവിത അവസാനം വരെ നിലനില്ക്കുന്ന ഒരു പഠനരീതിയ്ക്ക് തുടക്കമിടുന്നു. പഴയ രീതിയിൽ “സമയബദ്ധിതമായിരുന്ന

പഠനസമയം" എന്നാൽ പുതിയ രീതിയിൽ "അറിവ് എവിടേയും, എപ്പോഴും" എന്ന തത്വം പ്രാവർത്തികമാക്കുന്നു. ഈ പരിശീലനം പിന്നീട് ഉദ്യോഗസ്ഥലത്തും വീട്ടിലും നമ്മെ പിന്തുടരും. നാം അറിയാതെ നമ്മുടെ അറിവിന്റെ വ്യാപ്തി വിസ്തൃതമാകും.

7. അറിവ് നേടൽ മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞിരിക്കുന്നു, വിദ്യാഭ്യാസം ഒരുവനെ പരിപൂർണ്ണ മനുഷ്യനാക്കുന്നു, സംസ്കാര സമ്പന്നനാക്കുന്നു" എന്ന് ഈ രൂപീകരണത്തിൽ വളരെ പ്രധാനപ്പെട്ടതാണ് അച്ചടക്കം. ഓൺലൈൻ പഠനരീതി നാം അറിയാതെ അച്ചടക്കം നമ്മിൽ വളർത്തുന്നു. ഓൺലൈൻ പഠനരീതിയുടെ ഒരു വലിയ പ്രത്യേകതയാണല്ലോ, കൃത്യത : കൃത്യസമയത്ത് ആരംഭിക്കുന്നു, അവസാനിക്കുന്നു. ഒഴിവു കഴിവുകൾക്ക് സ്ഥാനമില്ല. ഇത് പിന്നീട് നമ്മുടെ ജീവിതശൈലി ആയി മാറുന്നു.

8. ആരോഗ്യമേഖലയും, വിദ്യാഭ്യാസമേഖലയും നേരിടുന്ന ഒരു പ്രതിസന്ധിയാണ് വർദ്ധിച്ചുവരുന്ന ചിലവുകൾ. ഓൺലൈൻ രീതിയുടെ ഒരുവലിയ നേട്ടമാണ് വിദ്യാഭ്യാസ ചിലവുകൾ ഗണ്യമായി കുറയുന്നു എന്നത്. പ്രധാന ചിലവുകളായ ഹോസ്റ്റൽ, യാത്ര മുതലായ ചിലവുകൾ ലാഭിയ്ക്കാം. പല ഓൺലൈൻ പഠനത്തിലും ട്യൂഷൻ ഫീസും കുറവാണ്. വളരെ ചുരുങ്ങിയ ചിലവിൽ വിദേശ സ്ഥാപനങ്ങളിൽ പഠിക്കുവാൻ വരെ ഈ രീതി സഹായിക്കുന്നു.

മുകളിൽ പറഞ്ഞ വിവരണത്തിൽ നിന്ന്, ഓൺ ലൈൻ പഠനരീതി വളരെ അധികം നേട്ടങ്ങൾ നല്കുന്നു എന്നു മനസ്സിലായി. എന്നാൽ ഓൺ ലൈൻ പഠനരീതിയുടെ വ്യാപ്തി അതിക്രമിച്ചാൽ പലദോഷങ്ങളിലേയ്ക്ക് വഴി വെയ്ക്കുന്നു.

**ഓൺലൈൻ പഠനരീതി – ദോഷങ്ങൾ**

1. വിദ്യ ഗുരുമുഖത്തു നിന്ന് നേരിട്ട് സമ്പാദിക്കേണ്ടതാണ്. പഴയ ഗുരുകുല സമ്പ്രദായം ഓർക്കുമല്ലോ. ഒരു പരിപൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുന്നതിൽ സ്വഭാവ രൂപീകരണവും, അനുബന്ധഘടകങ്ങളും നല്ല ഒരു പങ്ക് വഹിക്കുന്നു. ഈ പൂർണ്ണത ഓൺലൈൻ പഠനത്തിൽ നഷ്ടപ്പെടുന്നു. വിദ്യാർത്ഥിയും, അദ്ധ്യാപകരും യന്ത്ര സമാനമായി മാറുന്നു.

2. ഓൺലൈൻ പഠനം സമയബന്ധിതമല്ലാത്തതുകൊണ്ടും, സൗകര്യ ഘടകങ്ങളെ ആശ്രയിക്കുന്നതുകൊണ്ടും, കൂടുതൽ സമയം വേണ്ടിവരുന്നു. വിഷയങ്ങളും, ഉദാഹരണങ്ങളും സമർത്ഥിച്ചെടുക്കാൻ അദ്ധ്യാപകൻ കൂടുതൽ സമയം ചിലവഴിക്കേണ്ടിവരുന്നു. വിദഗ്ധനായ ഒരു അദ്ധ്യാപകനുമാത്രമെ സമയ ബന്ധിതമായി പഠിപ്പിയ്ക്കാൻ സാധിക്കുകയുള്ളൂ.

3. ഓൺലൈൻ പഠനം വിദ്യാർത്ഥിയ്ക്ക് കൂടുതൽ സ്വാതന്ത്ര്യം നല്കുന്നു. പലപ്പോഴും ഓൺലൈൻ ക്ലാസ്സിൽ വിദ്യാർത്ഥികൾ ദിവാസ്വപ്നങ്ങളിൽ മുഴുകുന്നു. പഠനത്തിന് ആവശ്യമായ "വിശകലനമനസ്സ്" നഷ്ടപ്പെടുന്നു. കുട്ടികളുടെ സംശയങ്ങൾ, സംശയങ്ങളായി തന്നെ തുടരുന്നു.

4. സയൻസ് വിഷയങ്ങൾ ഓൺലൈനിലൂടെ പഠിപ്പിക്കുക കൂടുതൽ വിഷമകരമാണ്. അതിൽ എടുത്തു പറയേണ്ടതാണ് കണക്ക് പഠനം. സാധാരണ പഠനരീതിയിൽ തന്നെ കണക്ക് വിദ്യാർത്ഥികളെ വലയ്ക്കുന്ന വിഷയമാണല്ലോ.

5. ഓൺലൈൻ പഠനരീതി ഫലപ്രദമായി നടപ്പിലാക്കാൻ സ്കൂളുകൾ സർവ്വസജ്ജമായിരിക്കണം. ഈ അടുത്തകാലത്ത് നടന്ന ഒരു പഠനറിപ്പോർട്ട് പറയുന്നത്, കേരളത്തിൽ ഏതാണ്ട് പകുതി സ്കൂളുകളിൽ മാത്രമെ സർവ്വസജ്ജമായ ഓൺലൈൻ സൗകര്യങ്ങൾ ഉള്ളൂ എന്നാണ്.

6. ഇതുപോലെ പ്രധാനപ്പെട്ടതാണ് വീടുകളിലെ സൗകര്യങ്ങൾ, സർക്കാർ സംവിധാനങ്ങൾ. കേരളത്തിന്റെ ഗ്രാമീണമേഖലകളിൽ, വനമേഖലകളിൽ, തീരപ്രദേശങ്ങളിൽ ഇന്റർനെറ്റ് ലഭ്യത സ്ഥലങ്ങളിൽ അദ്ധ്യാപകർ പറയുന്ന കാര്യങ്ങൾ കൃത്യമായി ശ്രദ്ധിക്കുക സാദ്ധ്യമല്ല.

7. പഠനത്തോടൊപ്പം പ്രധാനപ്പെട്ടതാണ് പഠനത്തെ വിലയിരുത്തുന്ന പരീക്ഷകൾ. ഓൺലൈൻ പരീക്ഷകളുടെ കാര്യപ്രാപ്തി ചിലകാരണങ്ങൾ കൊണ്ട് സംശയിക്കുന്നു. ഇത് ഒരു വിദ്യാർത്ഥിയുടെ ഭാവി തൊഴിൽ സാധ്യതകളെ സാരമായി ബാധിക്കുന്നു.

8. പഠനകാലത്ത് വിദ്യാർത്ഥി, അദ്ധ്യാപക, വിദ്യാർത്ഥി, ബന്ധങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. പലപ്പോഴും, വിഷയപഠനത്തേക്കാൾ കൂടുതലായി ഈ ബന്ധങ്ങളായിരിക്കും ഭാവി ജീവിതം കരുപിടിപ്പിക്കുന്നതിൽ ഒരുവനു തുണയാകുന്നതും. എന്നാൽ ഓൺലൈൻ പഠനം ഇതെല്ലാം തടസ്സപ്പെടുത്തുന്നു.

## ഉപസംഹാരം

കോവിഡാനന്തരകാലത്ത്, പുതിയ ദേശീയ വിദ്യാഭ്യാസത്തിന്റെ വെളിച്ചത്തിൽ, ഓൺലൈൻ രീതികൾ മാറ്റിവെച്ചുകൊണ്ടുള്ള പഠനരീതി സാധ്യമല്ല. ഈ സാഹചര്യത്തിൽ ഓൺലൈൻ രീതിയും, പരമ്പരാഗത രീതിയും തുല്ല്യമായി സമ്മേളിക്കുന്ന ഒരു ഘടനയാണ് നമുക്ക് ആവശ്യം. ഈ രീതിയിൽ ചിന്തിക്കുന്ന, അദ്ധ്യാപക, രക്ഷാകർതൃ, വിദ്യാർത്ഥി സമൂഹങ്ങൾ ഉണ്ടാകട്ടെ.


**ആദ്യവെള്ളി ധ്യാനം അട്ടപ്പാടി സെഹിയോനിൽ**

**സെഹിയോൻ ധ്യാനകേന്ദ്രത്തിലെ (ആദ്യവെള്ളി) ഒരു ദിവസത്തെ ധ്യാനത്തിന് എല്ലാ മാസവും അട്ടപ്പാടിയിലേക്ക് കൊണ്ടു പോകുന്നു. താല്പര്യമുള്ളവർ മുൻകൂട്ടി സീറ്റ് ബുക്ക് ചെയ്യേണ്ടതാണ്.**

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ജെസി ടീച്ചർ 9847610026**


വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ്സുകൾക്കും
സുവർണ്ണ
മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ
Ph : 2381588, Mob : 9895086914
നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.






## ഞങ്ങൾ വരവായ്

1. ചാലിശ്ശേരി കുറ്റൂക്കാരൻ ലിവിൻ ജോബി + ജെസ്ന മകൻ (ജോബി) ലെവിനോ ലിവിൻ
2. തൈക്കാട്ടിൽ പ്രശാന്ത് വർഗ്ഗീസ് ടി. + ഹീര മരിയ പോൾ മകൻ (വർഗ്ഗീസ്) സെബാൻ പ്രശാന്ത് തൈക്കാട്ടിൽ
3. കൊളമ്പ്രത്ത് റോബിൻ കെ. ഡേവീസ് + സ്മിജി ജോസ് മകൻ (ജോസ്) ഹെവിൻ റോബിൻ
4. പാലയൂർ മുണ്ടോക്കാരൻ ഡിനിൽ ഡോൾഫി + എയ്ഞ്ചൽ ഫ്രാൻസീസ് മകൻ (ജോസഫ്) ബെന്ന്



## ഞങ്ങൾ ഒന്നായി

1. സെന്റ് പയസ്സ് യൂണിറ്റിലെ കരേരക്കാട്ടിൽ സൈമൺ + മോളി മകൻ ആഞ്ചലോ മുള്ളൂർക്കര പള്ളി ഇടവക പാലമറ്റത്തിൽ റോയ് + ഷീബ മകൾ ആൻമരിയ
2. സെന്റ് സേവ്യർ യൂണിറ്റിലെ തട്ടിൽ വല്ലച്ചിറക്കാരൻ ബാബു + മേരി മകൻ അലക്സ് റോബിൻ തട്ടിൽ ആമ്പക്കാട് ഇടവക അക്കരപട്ട്യേയ്ക്കൽ ജോൺ + ജാൻസി മകൾ ഹെൽമി ജോൺ
3. സെന്റ് അൽഫോൺസ യൂണിറ്റിലെ കൊള്ളന്നൂർ വിത്സൻ + മേരി മകൻ വിനു എറണാകുളം സെന്റ് മേരീസ് ഇടവക അലിങ്കൽ മണിരാജ് + ഷീജ മകൾ മനസ
4. സെന്റ് ഗോൺസാല യൂണിറ്റിലെ കുരുതുകുളങ്ങര കൂള ഡേവീസ് + ടെസ്സി മകൻ ഡിസ്നി ഡേവീസ് കൂള പോന്നോർ ഇടവക പുത്തൂർ ആന്റണി + ഷീല മകൾ ആശ ആന്റണി
5. സെന്റ് ആൻസ് യൂണിറ്റിലെ കുത്തൂർ പേട്രിക് മാത്യു + വിഷി മകൻ നോബിൾ പേട്രിക് കെ. എരുമപ്പെട്ടി ഇടവക മുരിങ്ങാത്തേരി വർഗ്ഗീസ് + ജൂലി മകൾ ആൻലി എം. വർഗ്ഗീസ്



## ഞങ്ങൾ യാത്രയായ്

1. സെന്റ് ആന്റണീസ് യൂണിറ്റിലെ പടിക്കല വറീത് ദേവസ്സി (94) 03-01-2022
2. സെന്റ് ആൻസ് യൂണിറ്റിലെ തറയിൽ വെളിയന്നൂക്കാരൻ തോമസ് ഭാര്യ ദുമിനി (81) 13-01-2022
3. സെന്റ് മേരീസ് യൂണിറ്റിലെ ചക്കാലയ്ക്കൽ ജോസഫ് വിത്സൻ (67) 18-01-2022

## ഏപ്രിൽ 2022 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

| | |
|---|---|
| 01-04-2022 | വെള്ളി വി. അന്നയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ട ദിനം |
| 03-04-2022 | നോമ്പ് ആറാം ഞായർ |
| 08-04-2022 | വെള്ളി തിരുക്കർമ്മങ്ങൾ |
| 10-04-2022 | ഓശാന ഞായർ |
| 14-04-2022 | പെസഹാവ്യാഴം |
| 15-04-2022 | പീഡാനുഭവ വെള്ളി |
| 16-04-2022 | വലിയ ശനി |
| 17-04-2022 | നമ്മുടെ കർത്താവീശോ മിശിഹായുടെ ഉയിർപ്പു തിരുനാൾ, ഉയിർപ്പ് ഒന്നാം ഞായർ |
| 22-04-2022 | വെള്ളി തിരുക്കർമ്മങ്ങൾ, വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെയും തിരുനാൾ) |
| 23-04-2022 | വി. ഗീവർഗീസ് വേ (24 ഞായർ) |
| 24-04-2022 | ഉയിർപ്പ് 2-ാം ഞായർ, പുതുഞായർ |
| 25-04-2022 | രണ്ടാം തിങ്കൾ വി. മാർക്കോസ് സുവിശേഷകൻ |
| 29-04-2022 | വെള്ളി തിരുക്കർമ്മങ്ങൾ, സീയന്നായിലെ വി. കത്രീന |







# കുടുംബ കൂട്ടായ്മ
# വാർത്തകൾ

## കുടുംബകൂട്ടായ്മ കേന്ദ്രസമിതി

കുടുംബകൂട്ടായ്മ ഭാരവാഹികളെ ബഹു. വികാരിയച്ചൻ പരിചയപ്പെട്ടു. വീട് വെഞ്ചിരിച്ചും കുടുംബസന്ദർശനവും 28-03-2022 മുതൽ ആരംഭിക്കാൻ തീരുമാനിച്ചു. ആദ്യം സെന്റ് അൽഫോൻസ യൂണിറ്റ് ക്രമത്തിൽ ആരംഭിക്കും. 28-03-2022 മുതൽ കുടുംബകൂട്ടായ്മ യോഗം ആരംഭിക്കാൻ യോഗത്തിൽ ധാരണയായി. ഇടവകയുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ബഹു. വികാരിയച്ചൻ ചർച്ചചെയ്തു. ബാധ്യത തീർക്കാൻ ഇടവകയിൽ ദശാംശം പദ്ധതി ആരംഭിക്കാൻ യോഗം തീരുമാനിച്ചു. ഇടവകയ്ക്ക് ബാങ്കിൽനിന്നുള്ള ലോൺതുക കുറയ്ക്കുന്നതിന്റെ ഭാഗമായി ഇടവകജനങ്ങളിൽ നിന്ന് പലിശയോടുകൂടിയും അല്ലാതേയും ലോൺവാങ്ങുവാൻ യോഗം തീരുമാനിച്ചു.

28-03-2022 ഞായറാഴ്ച മുതൽ ഞായറാഴ്ചകളിൽ ബൈബിൾ വായന കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചു.

## സെന്റ് ആൻസ് കുടുംബക്കുട്ടായ്മ

സെന്റ് ആൻസ് കുടുംബക്കൂട്ടായ്മയുടെ കുടുംബ സമ്മേളനം ഞായറാഴ്ച (27. 03.2022) 4.30 pm ന് കൂത്തുർ മാത്യു പേട്രിക്കിന്റെ വസന്തിയിൽ വെച്ച് റവ ഫാ.ജോൺസൺ അന്തിക്കാടനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രമോട്ടർ സിസ്റ്റേഴ്സുമാരായി സി.ജെയ്സ്റ്റി CMC , സി.സെറ്റഫി CMCയും സന്നിഹിതയായിരുന്നു പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കുടുംബനാഥൻ ഏവർക്കും സ്വാഗതം പറഞ്ഞു. കുടുബക്കൂട്ടായ്മ കണക്ക് അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. കുടുംബക്കൂട്ടായ്മ പ്രസിഡന്റ് ശ്രീ. വിൽസൺ കരേരക്കാട്ടിൽ അയ്യന്തോൾ ഇടവകയിലേയ്ക്ക് മാറുന്നതിനാൽ ടി ഉത്തരവിധിത്വം വൈസ്.പ്രസിഡന്റ് ആയ ശ്രീ. റാഫി അറയ്ക്കലിന് താൽകാലികമായി നൽകുവാൻ തിരുമാനിച്ചു. പ്രസിഡൻറ് ശ്രീ വിൽസൻ കരേരക്കാട്ടിൽ തന്റെ കാലയളവിൽ സഹകരിച്ച എല്ലാവരോടും പ്രത്യേകം നന്ദി പറഞ്ഞു. സ്നേഹവിരുന്നിനു ശേഷം പ്രാർത്ഥനയോടെ യോഗം സമംഗളം പര്യവസാനിച്ചു.

# സംഘടനാ വാർത്തകൾ

## CLC

13.03.2022 ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കു ശേഷം വികാരി ഫാ. ജോൺസൺ അന്തിക്കാടിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടുകയുണ്ടായി. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രസിഡന്റ് ആന്റണി ജോസഫ് സ്വാഗതം ആശംസിച്ചു. പുതിയ വികാരി ഫാ. ജോൺസൺ അന്തിക്കാനച്ചനെ മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. ജോയിന്റ് സെക്രട്ടറി ഏബൽ ജോൺസ് റിപ്പോർട്ട് വായിച്ചു. CLC അംഗങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കണമെന്നും, പ്രാർത്ഥനയും പഠനവും, പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുപോകണമെന്നും വികാരിയച്ചൻ അഭിപ്രായപ്പെട്ടു. സൊഡാലിറ്റി പ്രാർത്ഥന എല്ലാ ഞായറാഴ്ചയും നടത്തുവാൻ തീരുമാനിച്ചു. ഏപ്രിൽ 3ന് നടക്കാനിരിക്കുന്ന പാലയൂർ തീർത്ഥാടനത്തിനോടനുബന്ധിച്ച് CLC, KCYM സംഘടനകൾ സംയുക്തമായി കുരിശിന്റെ വഴിയിലെ 3-ാം സ്ഥലം പള്ളിയങ്കണത്തിൽ ദൃശ്യാവിഷ്ക്കാരത്തോടെ അവതരിപ്പിക്കാൻ തീരുമാനിച്ചു. പെസഹാവ്യാഴാഴ്ചയിൽ ആരാധനയ്ക്ക് അൾത്താരയിൽ സമർപ്പിക്കുവാൻ വേണ്ടിയുള്ള തിരി, കുന്തുരുക്കം, കരി എന്നിവ അടങ്ങിയ പെസഹാകിറ്റ് ഇടവകജനത്തിന് മിതമായ നിരക്കിൽ നൽകുവാൻ തീരുമാനിച്ചു. ദുഃഖവെള്ളിയിലെ പരിഹാര പ്രദക്ഷിണത്തിൽ കുരിശിന്റെ വഴിയിലെ പീഡാനുഭവരംഗങ്ങൾ പുനരാവിഷ്കരിക്കാൻ തീരുമാനിച്ചു. ട്രഷറർ നോബിൾ പാട്രിക്ക് നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

എന്ന്, **സെക്രട്ടറി**







## KCYM

13-03-2022 ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കു ശേഷം വികാരി ഫാ. ജോൺസൺ അന്തിക്കാടിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടുകയുണ്ടായി. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. KCYM അംഗം ഇമ്മാനുവേൽ ടി. ആർ. സ്വാഗതം ആശംസിച്ചു. പുതിയ വികാരി ഫാ. ജോൺസൺ അന്തിക്കാടനെ മീറ്റിങ്ങിലേക്ക് സ്വാഗതം ചെയ്തു. കൂടുതൽ അംഗങ്ങളെ ചേർത്തണമെന്നും സംഘടനയുടെ പ്രവർത്തനങ്ങൾ യുവജനങ്ങളെ സംഘടനയിലേക്ക് ആകർഷിക്കണമെന്നും വികാരിയച്ചൻ അഭിപ്രായപ്പെട്ടു.

ഏപ്രിൽ 3ന് നടത്തുവാനിരിക്കുന്ന പാലയൂർ തീർത്ഥാടനത്തിനോടനുബന്ധിച്ച് KCYM, CLC സംഘടനകൾ സംയുക്തമായി കുരിശിന്റെവഴിയിലെ 3-ാം സ്ഥലം പള്ളിയങ്കണത്തിൽ ദൃശ്യാവിഷ്കാരത്തോടെ അവതരിപ്പിക്കാൻ തീരുമാനിച്ചു. ഓശാന ഞായറാഴ്ച സംഘടനയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം നടത്തുവാൻ തീരുമാനിക്കുകയും തീർത്ഥാടനത്തിനുള്ള ബുക്കിങ്ങ് ആരംഭിക്കുവാനും തീരുമാനമായി. ഈസ്റ്റർ ദിനത്തിൽ സംഘടനയുടെ നേതൃത്വത്തിൽ ലക്കി ഡ്രൊ നടത്തുവാനും അതിലെ ഭാഗ്യശാലികൾക്ക് സമ്മാനങ്ങൾ നൽകുവാനും തീരുമാനിച്ചു. തോംസൺ ഷാജു യോഗത്തിന് നന്ദി പറഞ്ഞുകൊണ്ട് യോഗം സമാപിച്ചു.

## സമാധാനവും സൗഭാഗ്യവും

കോവിഡ് മൂലം നിർത്തിവെച്ചിരുന്ന ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ പ്രതിവാര പ്രാർത്ഥന പതിവുള്ള അംഗബലത്തോടെ 20-03-2022 മുതൽ ആരംഭിച്ചിരിക്കുന്നു. തുടർച്ചയായി എല്ലാ ഞായറാഴ്ചകളിലും ആദ്യത്തെ കുർബ്ബാനക്ക് ശേഷം പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്.

ഇടവകയിൽ നിന്ന് സ്ഥലം മാറിപോയ വികാരി ബഹു. റവ. ഫാ ലിജോ ചിറ്റിലപ്പിള്ളിയച്ചന് പ്രാർത്ഥനാശംകൾ നേരുന്നു. ഫ്രാൻസിസ്ക്കൻ അൽമായ സഭക്ക് അച്ചൻ നൽകിയ എല്ലാ ആത്മീയ ചൈതന്യത്തിനും സഭാംഗങ്ങൾ നന്ദിയോടെ ഓർക്കുന്നു.

അതുപോലെ ഇടവകയിലേക്ക് വന്നിട്ടുള്ള ബഹു. വികാരി റവ. ഫാ. ജോൺസൺ അന്തിക്കാടൻ അച്ചന് സ്വാഗതവും പ്രാർത്ഥനയും നേർന്നു.

**എന്ന്, സെക്രട്ടറി**





# വിശുദ്ധവാര തിരുകർമ്മങ്ങൾ

## 09.04.2022 ഓശാന ഞായർ

രാവിലെ 6.30ന് തിരുകർമ്മങ്ങൾ സെന്റ് ആൻസ് സ്കൂൾ ഗ്രൗണ്ടിൽ നിന്ന്ആരംഭിക്കുന്നു കുരുത്തോല കൈകളിലേന്തി പള്ളിയിലേക്ക് പ്രദക്ഷിണം, വി. കുർബ്ബാന

രാവിലെ 10ന് വി. കുർബ്ബാന

വൈകിട്ട് 6 മണിക്ക് വി. കുർബ്ബാന

## 14.04.2022 പെസഹാ വ്യാഴം

പരിശുദ്ധ കുർബ്ബാനയുടെ സ്ഥാപനദിനം.

രാവിലെ 6.30ന് തിരുകർമ്മങ്ങൾ ആരംഭിക്കുന്നു.

കാൽ കഴുകൽ ശുശ്രൂഷ, വി.കുർബാന

വൈദീക വിദ്യാർത്ഥികളുടെ പരിശീലനത്തിനായുള്ള നമ്മുടെകുടുംബങ്ങളുടെ കാഴചസമർപ്പണം

രാവിലെ 9 മണി മുതൽ കൂട്ടായ്മകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ആരാധന. (മെഴുകുതിരി, കരി, കുന്തുരുക്കം, തുടങ്ങിയവ ആരാധനയക്ക് വരുമ്പോൾ സമർപ്പിക്കാവുന്നതാണ്.)

വൈകീട്ട് 7-8 വരെ പൊതു ആരാധന

## പെസഹാവ്യാഴം - ആരാധന സമയക്രമം

1. 9 am - 10 am സെന്റ് അൽഫോൺസ, സെന്റ് ആൻസ്, ലീജിയൻ ഓഫ് മേരി & ദർശന സഭ
2. 10 am - 11 am സെന്റ്ആന്റണി, സെന്റ്ഏവുപ്രാസ്യ, & കത്തോലിക്ക കോൺഗ്രസ്
3. 11 am - 12 pm സെന്റ്ജോർജ്ജ്, സെന്റ്ഗോൺസാല, & ഗായകസംഘം
4. 12 pm - 1 pm സെന്റ് ഇഗ്നേഷ്യസ്, സെന്റ്ജോസഫ്, നിർമ്മലാലയം & പ്രാർത്ഥനാഗ്രൂപ്പ്
5. 1 pm - 2 pm സെന്റ്ആൻസ് കോൺവെന്റ് & മാതൃസംഘം

| | | |
|---|---|---|
| 6. | 2 pm - 3 pm | സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട് & സെന്റ് വിൻസെൻ ഡി. പോൾ |
| 7 | 3 pm - 4 pm | സെന്റ് മാർട്ടിൻ, സെന്റ് മദർതെരേസ, & അൾത്താര ബാലന്മാർ |
| 8. | 4 pm - 5 pm | സെന്റ് മേരീസ്, സെന്റ് പയസ്, കെ.സി.വൈ.എം., & സി.എൽ.സി. |
| 9. | 5 pm - 6 pm | സെന്റ് സെബാസ്റ്റ്യൻ, സെന്റ് തോമസ്, കെ.എൽ.എം., & ഫ്രാൻസിസ്ക്കൻ മൂന്നാംസഭ, |
| 10. | 6 pm - 7 pm | സെന്റ് സേവ്യർ & മതബോധനാധ്യാപകർ |
| 11. | 7 pm - 8 pm | പൊതുആരാധന, സമാപനം (എല്ലാവരും പങ്കെടുക്കണം) |

## 15.04.2022 ദുഃഖവെള്ളി

രാവിലെ 7ന് തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. പീഡാനുഭവചരിത്ര വായന, രൂപം ചായ്ക്കൽ, വൈകീട്ട് 4.30ന് നഗരികാണിക്കൽ മര ക്കുരിശ് വീടുകളിൽ നിന്നും കൊണ്ടുവരുന്നതിനു ശ്രദ്ധിക്കുമല്ലോ

## 16.04.2022 ദുഃഖശനി

6.30ന് തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. വി. കൂർബ്ബാന. പുതു വെള്ളം വെഞ്ചിരിപ്പ് (വീടുകളിലേക്ക് പുതുവെള്ളം കൊണ്ടു പോകാൻ ചെറിയ കുപ്പി കരുതി വരിക).

## 17.04.2022 ഈസ്റ്റർ

രാത്രി 11.15ന് ഉയിർപ്പിന്റെ തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. തുടർന്ന് ആഘോഷമായ. പാട്ടു കൂർബ്ബാന.

രാവിലെ 6.30ന് വി. കൂർബാന, മറ്റു സമയത്തുള്ള കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.

**ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ**

# ബൈബിൾ വായനകൾ



## ഏപ്രിൽ - 2022

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | **1**<br>മത്താ. 20:20-28<br>ഹെബ്രാ. 9:23-28<br>എസ്ര. 8:31-35 | **2**<br>മത്താ. 17:1-9<br>1 കോറി. 2:1-8 |
| **3**<br>മാർക്കോ 8:31–9:1<br>റോമ 14:13–23<br>നിയ 8:1–10 | **4**<br>മത്താ 12:15-21<br>1 പത്രോ 2:18-23 | **5**<br>യോഹ 15:18-27<br>കൊളോ 1:24-29 | **6**<br>മത്താ 10:17-22<br>റോമാ 8:31-39 | **7**<br>മർക്കോ 10:32-34<br>2 തിമോ 1:6-14 | **8**<br>യോഹ 11:32-44<br>റോമാ 5:12-17<br>ശ്ലീഹ 9:36-42 | **9**<br>യോഹ 12:1-11<br>2 കോറി 2:14-17 |
| **10**<br>ലൂക്ക 19:28–40<br>റോമ 11:13–24<br>പുറ 15:1–3 | **11**<br>ലൂക്കാ 19:28-40<br>റോമാ 11:17-24<br>വിലാ 2:1-7 | **12**<br>ലൂക്കാ 20:9-19<br>ഹെബ്രാ 13:10-16<br>2 ദിന 24:17-22 | **13**<br>യോഹ 12:20-36<br>2 കോറി 5:1-10<br>ജെറ 20:7-13 | **14**<br>ലൂക്കാ 22:7-13<br>1 കോറി5:6-8, 11:23-30<br>എസെ 45:18-25 | **15**<br>ലൂക്കാ 22:63-23:12<br>ശ്ലീഹ 8:26-39<br>ഏശ 53:1-12 | **16**<br>മത്താ 27:62-66<br>ഹെബ്രാ 6:1-8<br>യോനാ 1:1-17 |
| **17**<br>യോഹ 20:0110<br>റോമ 6:1–14<br>എസെ 37:1–10 | **18**<br>യോഹ 20:11-23<br>1 കോറി 15:23-28<br>ജറെ 31:10-14 | **19**<br>യോഹ 14:25-31<br>കൊളോ 1:15-22<br>സഖ 8:11-17 | **20**<br>ലൂക്കാ 24:13-35<br>ശ്ലീഹ 9:1-15<br>തോബി 12:16-22 | **21**<br>ലൂക്കാ 24:36-43<br>വെളി 1:10-18<br>ഏശ 40:27-31 | **22**<br>ലൂക്കാ 12:1-9<br>ഹെബ്രാ 11:1-6; 32-39<br>ശ്ലീഹ 6:8-15; 7:54-60 | **23**<br>മത്താ 16:21-27<br>2 കോറി 6:4-10<br>ശ്ലീഹ 12:1-5 |
| **24**<br>യോഹ 20:24–31<br>കൊളോ 1:12–20<br>ലേവ്യ 26:1–13 | **25**<br>മർക്കോ 16:15-20<br>2 തിമോ 4:6-18<br>ജറെ 1:4-10 | **26**<br>മത്താ 8:5-13<br>റോമാ 3:27-31 | **27**<br>മത്താ 9:18-26<br>റോമാ 4:13-25 | **28**<br>മത്താ 15:21-28<br>റോമാ 5:1-5 | **29**<br>ലൂക്കാ 5:17-26<br>1 യോഹ 1:5-2:2 | **30**<br>യോഹ 9:35-41<br>ഗലാ 2:15-21 |

# സ്നേഹസ്മരണയ്ക്ക്

## 41-ാം ചരമദിനം

## 28.03.2022



# ചെമ്മണൂർ ലോനപ്പൻ ജോസഫ്

ജനനം : 09 - 01 - 1939

മരണം : 16 - 02 - 2022

നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു.
മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു.
ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്.

റോമ 14: 8

**പ്രാർത്ഥനകളോടെ കുടുംബാംഗങ്ങൾ**

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ



*Wedded on*
20.02.2022

## NOBLE

S/o. Mr. Patrick Mathew K. &
Mrs. Wishi Patrick
Koothoor House
Near St. Anne's Church,
West fort, Thrissur.

## ANNLEE

D/o. Mr. Varghese M.V. &
Mrs. Julie Varghese
Muringathery House
Erumapetty, Thrissur



NIRMALA hiprint, tsr 2387393